

# ബഥേൽപത്രിക

വാല്യം 5 ജൂലൈ 1992 ലക്കം 7

God is like a shield
for all who seek
His protection.
Pro. 30:5

## ഉള്ളടക്കം

ബൈബിൾ ക്വിസ്

ഇടയലേഖനം —മെത്രാപ്പോലീത്താ

ധ്യാനപംക്തി
—ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

ആത്മപരിശോധനയുടെ ആവശ്യകത
—പി. എം. ചാക്കോ കിടങ്ങന്നൂർ

ക്രിസ്ത്യാനിയുടെ പഞ്ചശീലതത്വങ്ങൾ —ജേക്കബ് ഉമ്മൻ

ദിവ്യ സൗന്ദര്യം (കവിത) (തുടർച്ച)
—പി. എം. ജോർജ് അത്തിക്കയം

ഇരുളും നിഴലും
—ഡീ. ജോൺ തോമസ് കരിങ്ങാട്ടിൽ


ദൈവത്തിന്റെ സ്നേഹിതരാകുക
(തുടർച്ച) മാത്യൂസ് മാർ
എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ

നിർമ്മലതയുടെ മാതൃക (കവിത)
—ഫാ. റ്റി. എം. അലക്സന്ത്രയോസ്

സഭ-വിശുദ്ധിയുടെ പാതയിലൂടെ
—റ്റി. എസ്. രാജേഷ്

ബാലപത്രിക

ഭദ്രാസന വാർത്തകൾ



ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

ജൂലൈ 1992



**രക്ഷാധികാരി**

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ, ഫാ. മാത്യു കോശി
6 റവ. ഡീ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. ററി. ജെ. മാത്യു (ചീഫ് എഡിററർ)

**സർക്കുലേഷൻ മാനേജർ**

എം, എ. ജേക്കബ്


## ബൈബിൾ ക്വിസ്

### ചോദ്യം

1 എന്നെയും കൂടെ അനുഗ്രഹിക്കേണമേ എന്ന് അപ്പനോട് പറഞ്ഞ മകൻ
2 മോശയ്ക്കുശേഷം കൂടുതൽ അത്ഭുതങ്ങൾ പ്രവർത്തിച്ച പഴയ നിയമ പ്രവാചകൻ
3 ജലപ്രളയത്തിനുശേഷം ദൈവം നോഹയോട് ചെയ്ത ഉടമ്പടിയുടെ അടയാളം
4 ആദാമും ഹവ്വയും അരയാട ഉണ്ടാക്കിയത് എന്ത് ഉപയോഗിച്ചായിരുന്നു
5 അത്തിയുടെ കീഴിൽഇരുന്നവൻ
6 ജ്ഞാന സാഹിത്യത്തിൽപ്പെടുന്ന പുസ്തകങ്ങൾ ഏവ
7 പുതിയ നിയമത്തിലെ ചരിത്ര പുസ്തകം ഏത്
8 ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേരുണ്ടായത് ഏത് പട്ടണത്തിൽ വച്ചായിരുന്നു
9 മാർത്തയുടെയും മറിയയുടെയും ഗ്രാമം
10 നല്ല ഇടയൻ ആരാണ്

### ഉത്തരം

1 ഏശാവ് ഉല്പ. 27:34
2 ഏലീശാ.
3 മഴവില്ല്. ഉല്പ. 9:13
4 അത്തിയില ഉല്പ. 3:7
5 നഥാനയേൽ യോഹ. 1:48
6 ഇയ്യോബ്, സദൃശ്യവാക്യങ്ങൾ സഭാപ്രസംഗി
7 അപ്പൊസ്തല പ്രവൃത്തികൾ
8 അന്ത്യോക്യാ അപ്പൊ പ്രവൃ. 11:26
9 ബെഥാന്യ യോഹ. 11:1
10 യേശു യോഹ. 10:11

## ഇടയലേഖനം

വാത്സല്യ മക്കളെ,

കഴിഞ്ഞ മാസം നമ്മുടെ ഭദ്രാസനാസ്ഥാനത്തിൽ ഒരു അപൂർവ്വ സംഗമം നടന്നു. അത് നമ്മുടെ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ ഔദ്യോഗിക ശുശ്രൂഷകരായി സേവനമനുഷ്ടിച്ചു വരുന്നവരുടെ ഒരു യോഗമായിരുന്നു. ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലേക്കും ക്ഷണക്കത്ത് അയച്ചിട്ടുണ്ടായിരുന്നെങ്കിലും വന്നു ചേർന്നവർ 31 പേർ മാത്രമെ ഉണ്ടായിരുന്നൊള്ളു. നമ്മുടെ സഭയിലാകമാനം തന്നെ ഇത്തരമൊര സംരംഭം അപൂർവ്വമാണ്. നമ്മുടെ ഭദ്രാസനത്തിലാകട്ടെ ഇതൊരു പുതിയ കാൽവയ്പും ആയിരുന്നു. അതുകൊണ്ട് അംഗസംഖ്യ കുറഞ്ഞതിൽ നിരാശപ്പെടേണ്ട കാര്യമില്ല. അംഗസംഖ്യ കുറവായിരുന്നുവെങ്കിലും സംബന്ധിച്ചവർ വളരെ ഊർജ്ജസ്വലതയോടെയും ആത്മാർത്ഥതയോടെയും അവിടെ നടന്ന ചർച്ചയിൽ പങ്കുകൊണ്ടു.

നാലാമത്തെ തുബ്ദേനിൽ പരാമർശിച്ചിട്ടുള്ള ''ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായ പരിശുദ്ധനും മഹത്വമുള്ളവനുമായ മാർ സ്തേഫാനോസിനെ''യാണ് ശുശ്രൂഷകർ മാതൃകയാക്കേണ്ടത്. പുരോഹിതന്മാർക്കുള്ള അധികാരാവകാശങ്ങൾ അവർക്കില്ലെങ്കിലും അവരെ ആരാധനാ കാര്യങ്ങളിൽ അദ്ധ്യവസാനം സഹകരിച്ച് സഹായിക്കുവാനുള്ള ചുമതല ശുശ്രൂഷകർക്കാണ്. പട്ടക്കാരൻ ദേവാലയത്തിലെത്തുന്നതിന് മുമ്പു തന്നെ ശുശ്രൂഷക്കാരൻ ദേവാലയത്തിലെത്തി ശുദ്ധീകരണ കർമ്മങ്ങളും മററും നടത്തേണ്ടതാണ്. മദ്ബഹാ സ്വർഗ്ഗമാണ്, ത്രോണോസ് സിംഹാസനവും. അപ്പവീഞ്ഞുകൾ കർത്താവിന്റെ തിരുശരീര രക്തങ്ങളായി മാറുന്നവയാണ്. ധൂപക്കുററിയാകട്ടെ വി. ത്രിത്വത്തെയും ഭൂമിയെയും സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. എന്തിനധികം? എല്ലാമെല്ലാം വിശുദ്ധങ്ങളാണ്. ഇവയെയൊക്കെ ശുദ്ധി ചെയ്ത് പരിപാലിക്കുന്ന ശുശ്രൂഷക്കാർ എത്രമാത്രം ശാരീരികമായും മാനസികമായും ആത്മീയമായും വിശുദ്ധരായിരിക്കണം എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നാൽ ഈക്കാര്യങ്ങളിൽ പ്രത്യേകിച്ച് ശരീര ശുചിത്വത്തിന്റെ കാര്യത്തിലും മദ്ബഹായുടെ വിശുദ്ധി പരിപാലിക്കുന്ന കാര്യത്തിലും പല ശുശ്രൂഷകരും ഉദാസീനത കാട്ടുന്നു എന്നത് ഒരു നഗ്ന സത്യം മാത്രമാണ്. മഹാ വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്നത് ഭയത്തോടും വിറയലോടും കൂടി ആയിരിക്കണം. എന്നാൽ ഇങ്ങനെയുള്ള ചിന്തയൊന്നും കൂടാതെ തികച്ചും ലാഘവ ബുദ്ധിയോടുകൂടി ഈ വക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവർ കുറവല്ല. കരങ്ങൾ പോലും ശുദ്ധമാക്കാതെ അമ്മീറാ ഉണ്ടാക്കുകയും വൃത്തിഹീനങ്ങളായ പാത്രങ്ങളിൽ അവ സൂക്ഷിക്കുന്നതും മദ്ബഹായിൽ വി. കുർബ്ബാന നടന്നുകൊണ്ടിരിക്കുമ്പോൾ അലക്ഷ്യമായി പെരുമാറുന്നതും സ്വൈര സംഭാഷണ

ത്തിൽ ഏർപ്പെടുന്നതും ഇന്നു സാധാരണമായിത്തീർന്നിരിക്കുന്നു. മാലാഖമാർ കയറിച്ചെല്ലാൻ മടികാണിക്കുന്ന സ്ഥലങ്ങളിൽ ചെകുത്താൻ ഓടിക്കയറുന്നു.

ഇനി മറ്റൊരു വശം വളരെ പരിമിതമായ സേവന വേതന വ്യവസ്ഥകളാണ് ഇവർക്കുള്ളത്. ഒരു നിശ്ചിത ശമ്പളം തന്നെ ഇവർക്കില്ല. വല്ലപ്പോഴും കിട്ടുന്ന ''ഒന്നരക്കാശാ''ണ് പലരുടെയും വരുമാനം. ഇതൊക്കെ പോകട്ടെ. വിശ്വാസികളും അവിശ്വാസികളും ഒരുപോലെ അവജ്ഞയോടും പരിഹാസത്തോടും കൂടി മാത്രമെ ഇവരെ വീക്ഷിക്കുന്നൊള്ളു. ''കപ്യാരെ''ന്നുള്ള വിളിയിൽത്തന്നെ എല്ലാം വ്യക്തമാകുന്നു. ഈ പാവപ്പെട്ടവരുടെ കാര്യത്തിൽ കുറേക്കൂടി താല്പര്യം നാമെല്ലാവരും കാട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നാം ആദ്യമെ സൂചിപ്പിച്ചതുപോലെ തങ്ങൾ ചെയ്യുന്ന ജോലിയുടെ മഹത്വത്തെപ്പററി ശുശ്രൂഷക്കാർ തികച്ചും ബോധവാന്മാരാകണം. ശരീര ശുചിത്വം, പരിസര ശുചിത്വം, വിശുദ്ധ വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോഴുള്ള സൂക്ഷ്മത, മദ്ബഹായുടെ വിശുദ്ധി സംരക്ഷണം, മാതൃകാപരമായ ജീവിതം ആദിയായവ അവരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമകളാണ്.

ഇതോടൊപ്പം അവരുടെ ക്ഷേമൈശ്വര്യങ്ങളുടെ കാര്യത്തിലും മററുള്ളവർ ശ്രദ്ധ വയ്ക്കണം. ഇവരുടെ ജോലിയുടെ മഹത്വവും മഹനീയതയും എന്തെന്ന് ഇവരെ മനസിലാക്കുവാൻ ഒരു പഠന ക്ലാസ് ഭദ്രാസന തലത്തിൽ സംഘടിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഇവരുടെ സേവന വേതന വ്യവസ്ഥകളിലെ അപാകതകളെക്കുറിച്ച് ധാരാളം പരാതിയുണ്ട്. ഇവയെക്കുറിച്ചെല്ലാം കൂലംകഷമായി പഠിച്ച് അവരുടെ ശമ്പളം കാലോചിതമായി ക്ലിപ്തപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. അതോടൊപ്പം നമ്മുടെ ജനങ്ങളുടെ ഇവരോടുള്ള വീക്ഷണത്തിൽ മാററം വരുത്തേണ്ടിയിരിക്കുന്നു. ''കപ്യാരെ''ന്നുള്ള വിളിതന്നെ അരോചകമാണ്. ശുശ്രൂഷകരെന്ന പദമാണ് ഏറെ ഉചിതം.

നാമമാത്രമായ പ്രതിഫലവും പററി മററുള്ളവരുടെ നിന്ദയും പരിഹാസവും ശാസനയും സഹിച്ച ആരാധനയ്ക്ക് ''താങ്ങും തണലും'' നൽകിക്കൊണ്ട് നിശ്ശബ്ദ സേവനം അനുഷ്ടിക്കുന്ന ശുശ്രൂഷകരെ നമ്മൾ വിസ്മരിക്കരുത്; അവഗണിക്കുകയുമരുത്. അവരിലുള്ള പോരായ്മകളെയും തെററുകുററങ്ങളെയും പർവ്വതീകരിച്ചു കാണാതെ അവയെ ഉപദേശങ്ങളിലൂടെയും സൃഷ്ടിപരമായ വിമർശനങ്ങളിലൂടെയും പരിഹരിക്കണം. ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള പണമെവിടെ എന്നു ചിലരെങ്കിലും സംശയിക്കുന്നുണ്ടാകും, നമ്മുടെ ദേവാലയങ്ങളിലെ സൃഷ്ടിപരങ്ങളല്ലാത്ത ചെലവുകൾ ഒന്നു പരിമിതപ്പെടുത്തിയാൽ ഇതിനുള്ള പണം അനായാസേന ലഭിക്കും എന്നതിനു സംശയമില്ല. ധൂർത്തും ആർഭാടവും ദൈവം വെറുക്കുന്നു, അവശന്മാരും, ആർത്ഥന്മാരും, ആലംബഹീനന്മാരും ആയവരെ സഹായിക്കുന്നതാണ് ദൈവത്തിന് പ്രസാദകരം. ''എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ'' (സങ്കീ.41:1)

ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ശ്രേഷ്ട ഇടയൻ

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ★



# ധ്യാനപംക്തി

**ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ**

**വി. യോഹന്നാൻ: 17:1-26**

സഭയെപ്പററിയുള്ള പ്രതീക്ഷകളും ചിന്തകളും അടങ്ങിയിരിക്കുന്ന മനോഹരമായ ഒരു പ്രാർത്ഥന ആണിത്. യേശുവിന്റെ ഈ മഹാപുരോഹിത പ്രാർത്ഥന യോഹന്നാൻ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. മററു സുവിശേഷകരിൽ പ്രധാനമായും വി. ലൂക്കോസ് യേശുവിന്റെ പ്രാർത്ഥനകളെപ്പററി (3:21;6:12) പ്രത്യേകാൽ ഗത്സമനയിലെ പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. യേശു പ്രാർത്ഥിച്ചിരുന്നുവെന്നുള്ള വസ്തുത ഒരിക്കൽ പോലും വെളിപ്പെടുത്താത്ത യോഹന്നാൻ ദീർഘവും അർത്ഥപുഷ്ടവുമായ ഒരു പ്രാർത്ഥന ഇവിടെ ചേർത്തിരിക്കുന്നു. ഈ അദ്ധ്യായത്തെ ''വേദപുസ്തകത്തിലെ ഏററവും ലളിതവും അർത്ഥസംപുഷ്ടവുമായ അദ്ധ്യായം'' എന്ന് ബംഗൽ വിശേഷിപ്പിക്കുന്നു. അന്ത്യ അത്താഴത്തിനുശേഷം ഒലീവ് മലയിലേക്ക് പോകുന്നതിനു മുമ്പായി മാളിക മുറിയിൽ വെച്ച്, വളരെ ഉച്ചത്തിൽ, അരാമ്യ ഭാഷയിൽ പ്രാർത്ഥിച്ച ഒരു പ്രാർത്ഥനയാകാനാണ് സാദ്ധ്യത.

**17:1-5;. യേശു തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു:** പ്രാർത്ഥനയുടെ ആരംഭത്തിലും പിന്നീട് മൂന്നു പ്രാവശ്യവും യേശു ദൈവത്തെ പിതാവെന്നു സംബോധന ചെയ്യുന്നു, യേശു പിതാവിനോട് തന്റെ പ്രവൃത്തി തികയ്ക്കുന്നതിനായി പ്രാർത്ഥിക്കുന്നു. ക്രൂശിൽ ഉയർത്തുന്നതു മൂലം പുത്രൻ പിതാവിന്റെ പൂർണ്ണ മഹത്വം വെളിപ്പെടുത്തുന്നു. പിതാവിന്റെ മഹത്വീകരണം വഴിയായി നിത്യജീവൻ തന്റെ ശിഷ്യർക്കു ലഭിച്ചു. പിതാവായ ദൈവത്തെക്കുറിച്ചും യേശുവിനെക്കുറിച്ചുമുള്ള അറിവാണ് ജ്ഞാനം. പഴയനിയമ പശ്ചാത്തലത്തിൽ 'അറിയുക' എന്നാൽ 'അനുഭവിക്കുക' എന്നാണ്. ദൈവത്തെ കുറിച്ചുള്ള അറിവ് യേശുവിന്റെ ചരിത്രത്തിലെ പ്രവർത്തനങ്ങളിലൂടെയാണ് അറിയുന്നത്. സ്നേഹത്തിലൂടെയും അനുസരണത്തിലൂടെയുമാണ് ദൈവം യഥാർത്ഥമായി അനുഭവവേദ്യമായിത്തീരുന്നത്. ജീവിതം മുഴുവൻ സ്വയം മഹത്വത്തിനായുള്ള ഒരു അന്വേഷണമായിരുന്നില്ല. ക്രൂശിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും തനിക്കു പിതാവിനോടുള്ള കൂട്ടായ്മയും യുഗങ്ങൾക്കു മുമ്പ് തനിക്കു ലഭിച്ച മഹത്വവും തിരികെ ലഭിക്കുന്നതിനായി പ്രാർത്ഥിക്കുന്നു. ഈ മഹത്വം മനുഷ്യനിലേക്കും വരുവാൻ അവൻ ആഗ്രഹിക്കുന്നു. പിതാവിന്റെയും പുത്രന്റെയും മഹത്വം വേർ

തിരിക്കുക പ്രയാസമാണ്. കഷ്ടാനുഭവത്തിലൂടെയാണ് പുത്രൻ തന്റെ അധികാരം പ്രകടമാക്കുന്നത്, തന്റെ അധികാരം അനശ്വര ജീവനെ നൽകുക എന്നതാണ്.

<u>17:6-19: തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു:-</u>

ദൈവത്തിന്റെയും ക്രിസ്തുവിന്റെയും സമ്പത്തായി ലോകത്തെ തീർക്കുവാനുള്ള പിതാവിന്റെ ഇഷ്ടം പ്രാർത്ഥനയിൽ ഊന്നിപ്പറയുന്നു. പുത്രൻ ഇനിമേൽ ലോകത്തിലായിരിക്കുകയില്ല, പിതാവിനോടുകൂടെ ആയിരിക്കും. ശിഷ്യർ ഭൂമിയിൽ അവശേഷിക്കും. അതുകൊണ്ട് യേശു അവർക്ക് നേരിട്ടു നൽകിയിരിക്കുന്ന സംരക്ഷണം ഇനിമേൽ ലഭിക്കുകയില്ല. യേശു പിതാവിനോട് അവരെ സൂക്ഷിച്ചുകൊള്ളണമെന്നും, അവരുടെ ഐക്യം നിലനിർത്തണമെന്നും പ്രാർത്ഥിക്കുന്നു. ശിഷ്യന്മാരുടെ സമർപ്പണത്തിനുള്ള അടിസ്ഥാനം യേശു തന്നെത്തന്നെ ശിഷ്യർക്കുവേണ്ടി വിശുദ്ധീകരിച്ചുവെന്നുള്ളതാണ്, സത്യത്തിലും സത്യത്താലും ശിഷ്യർ വിശുദ്ധീകരിക്കപ്പെടേണ്ടതാണ്. യോഹന്നാനെ സംബന്ധിച്ചിടത്തോളം യേശു തന്നെയാണ് വചനവും (1:1) സത്യവും (14:6)

<u>17:20 26: സർവ്വ ലൗകീക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.</u>

ശിഷ്യർക്കായുള്ള പ്രാർത്ഥനയ്ക്കു ശേഷം, യേശു ഭാവിയിൽ രൂപം പ്രാപിക്കുന്ന സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസികളുടെ ഐക്യം ദൈവത്തിലുള്ള ഐക്യം ആയിരിക്കണം. പുത്രനു പിതാവിനോടുള്ള സഹവർത്തിത്വം സഭ പങ്കുവെയ്ക്കണമെന്ന് താൻ ആഗ്രഹിക്കുന്നു. പ്രാർത്ഥനയുടെ അവസാനമായി യേശു ഈ ലോകത്തിൽ ചെയ്തിട്ടുള്ള തന്റെ പ്രവർത്തനങ്ങളെ വിശദീകരിക്കുന്നു. ലോകം ദൈവത്തെ അറിഞ്ഞിട്ടില്ല. ശിഷ്യന്മാർ നേരിട്ടറിഞ്ഞിട്ടില്ല. ദൈവ സ്വഭാവത്തിന്റെ ഘടന യേശു അവർക്കു വെളിപ്പെടുത്തി. ''നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നെ''-ഇതാണ് ആധുനിക കാലത്തെ എക്യുമെനിക്കൽ പ്രസ്ഥാനത്തിനു പ്രേരണയും പ്രചോദനവും നൽകിയിട്ടുള്ളത്.

17-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ഈ പ്രാർത്ഥന ആത്മാക്കളുടെ മഹാപുരോഹിതനായ ക്രിസ്തുതന്നെ. നടത്തുന്ന ഹൃദയ സ്പൃക്കായ പ്രാർത്ഥനയാണ്. ക്രിസ്തുവിന്റെ പ്രതിഷ്ഠാ പ്രാർത്ഥന (Consecration Prayer) എന്നും വിളിക്കാറുണ്ട്. ഉർത്ഥിതനായ ക്രിസ്തു പിതൃസമക്ഷം നിരന്തരമായി അർപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനയുടെ സ്വഭാവമാണിതിനുള്ളത്.

പ്രാർത്ഥന: ദൈവമേ, നിന്നിൽ ഒന്നായിതീർന്നുകൊണ്ട് നിന്നെ ലോകരത്തിന് സാക്ഷിക്കുവാൻ, മഹാപുരോഹിത പ്രാർത്ഥനയിൽ യേശുവേ, നീ നടത്തിയ പ്രാർത്ഥനയെ അനുകരിച്ച് പ്രാർത്ഥിക്കുവാനുള്ള ഒരു ഉൾക്കാഴ്ച ഞങ്ങൾക്കും തരേണമേ. ആമ്മീൻ.

★



# ആത്മ പരിശോധനയുടെ ആവശ്യകത

പി. എം. ചാക്കോ-കിടങ്ങന്നൂർ

''ഞങ്ങളെ നോക്കൂ. (അ. പ്രവർത്തികൾ 3:4)

പുതിയ നിയമത്തിലെ 5-ാമത്തെ പുസ്തകമാണ് അപ്പോസ്തോല പ്രവർത്തികൾ. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം മുതൽ പരിശുദ്ധനായ പൗലോസ് ശ്ലീഹാ തടവുകാരനായി റോമിൽ എത്തുന്നതുവരെയുള്ള ആദിമ ക്രൈസ്തവ സഭയുടെ ചരിത്രമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ ജീവചരിത്രം ചമച്ച വി. ലൂക്കോസ് തന്നെ അതിന്റെ തുടർച്ചയായിട്ടാണ് ഈ ഗ്രന്ഥം രചിച്ചത്. അപ്പോസ്തോല പ്രവർത്തികൾ എന്നാണ് പേരെങ്കിലും എല്ലാ അപ്പോസ്തോലന്മാരുടെയും പ്രവർത്തികൾ ഇതിലില്ല. അപ്പോസ്തോലന്മാരല്ലാത്ത ഫിലിപ്പോസ്, സ്തേഫാനോസ് തുടങ്ങിയവരുടെ പ്രവർത്തികളും ഇതിൽ കാണാം.

കർത്താവിന്റെ കുരിശ് മരണത്തെത്തുടർന്ന് യഹൂദന്മാരെ ഭയന്ന് സെഹിയോൻ മാളികയിൽ വാതിലടച്ച് കഴിച്ചു കൂട്ടിയ വിശ്വാസികൾ യഹൂദാ പെന്തിക്കോസ്തിയുടെ ദിവസം ഉയരത്തിൽ നിന്നും ശക്തി പ്രാപിക്കുകയും പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ ശക്തി പ്രാപിച്ച പത്രോസും യോഹന്നാനും കൂടി വർദ്ധിച്ച ധൈര്യത്തോടും ആത്മ സന്തോഷത്തോടും കൂടി ഒൻപതാം മണി നേരത്തെ യാമപ്രാർത്ഥനയ്ക്കായി യെറുശലേം ദേവാലയത്തിലേക്കു പോകുന്നു. ''അവർ ഇടയനെ വെട്ടുകയും ആടുകൾ ചിതറിപ്പോവുകയും ചെയ്ത ശേഷം'' ആദ്യമായി യെറുശലേം ദേവാലയത്തിൽ പോവുകയായിരുന്നു.

അവർ ഇരുവരും കൂടി ''സുന്ദരം'' എന്ന ഗോപുരത്തിൽകൂടി ദേവാലയത്തിലേക്ക് പ്രവേശിക്കുവാൻ തുടങ്ങുമ്പോൾ മുടന്തനായ ഒരു ഭിക്ഷക്കാരൻ അവരോട് ഭിക്ഷ ചോദിക്കുന്നു. ആ ഭിക്ഷക്കാരനായ മുടന്തനോട് പത്രോസ് പറഞ്ഞതാണ്. ''ഞങ്ങളെ നോക്കു'' എന്ന്. ഓരോ ക്രിസ്തീയ പ്രവർത്തകനും ക്രിസ്ത്യാനിക്കും ഇതുപോലെ പറയുവാൻ കഴിയണം.

കുടുംബ ജീവിതത്തിൽ. ഇടപാടുകളിൽ, സംഭാഷണങ്ങളിൽ എല്ലാം അവർ മററുള്ളവർക്ക് മാതൃകയായിരിക്കണം. കയ്യാഫാവിന്റെ നടുമുററത്തിരുന്ന് തീകായുന്ന പത്രോസിനെക്കണ്ടപ്പോൾ ''ഇവനും അവരുടെ കൂട്ടത്തിൽ ഉള്ളവൻ ഇവന്റെ ഉച്ചാരണവും അതു വെളിപ്പെടുത്തുന്നു''. എന്നായിരുന്നു ഒരു വാല്യക്കാരത്തി പറഞ്ഞത്. ഏതു പരിതസ്ഥിതിയിലും നമ്മെ നമ്മുടെ പ്രവൃത്തികൾ കൊണ്ടും സംഭാഷണം കൊണ്ടും തിരിച്ചറിയണം.

ഇസ്രായേലിന്റെ പുരോഹിതനും ന്യായാധിപനും പ്രവാചകനുമായ ശമൂവേൽ തന്റെ വാർദ്ധക്യത്തിൽ ഇസ്രായേലിനോടു പറഞ്ഞ വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്. ''എന്റെ ബാല്യം മുതൽ ഞാൻ നിങ്ങൾക്ക് നായകനായിരുന്നു. ഞാൻ ഇതാ ഇവിടെ നിൽക്കുന്നു. ഞാൻ ഒരുത്തന്റെ കാളയെയൊ കഴുതയെയൊ അപഹരിച്ചിട്ടുണ്ടോ? ഞാൻ വല്ലവനെയും ചതിച്ചിട്ടുണ്ടോ? വല്ലവനെയും പീഢിപ്പിച്ചിട്ടുണ്ടോ? ഞാൻ വല്ലവന്റെ കൈയിൽ നിന്നും കൈക്കൂലി വാങ്ങി എന്റെ കണ്ണ് കുരുടാക്കിയിട്ടുണ്ടോ?'' (1 ശമുവേൽ 2:4) ഒരു മാതൃകാ പ്രവർത്തകന്റെ വാക്കുകളാണ് ഇത്. ഇതുപോലെ പറയുവാൻ കഴിയുന്നവനായിരിക്കണം ഓരോ ക്രൈസ്തവനും, പ്രത്യേകിച്ച് സഭാ പ്രവർത്തകൻ.

പരിശുദ്ധനായ പൗലോസും അങ്ങനെയുള്ളവനായിരുന്നു. അദ്ദേഹം പറയുന്നത് ''ഞാൻ നിങ്ങളുടെ ഇടയിൽ പ്രവർത്തിച്ചത് എന്റെ കൈ കൊണ്ട് അദ്ധ്വാനിച്ച് അതിൽ നിന്നും ചെലവു കഴിച്ചാണ്'' എന്നാണ്. ആദ്യ ശെമ്മാശന്മാരിൽ ഒരാളായ ഫീലിപ്പോസ് ശമര്യയിൽ പ്രവർത്തിച്ചു. തന്റെ പ്രവർത്തന ഫലമായി ശമര്യയിൽ ഒരു നല്ല സഭ രൂപീകൃതമായി. അവന്റെ പ്രവർത്തന വിവരം കേട്ടറിഞ്ഞ് പത്രോസും യോഹന്നാനും അവിടെ എത്തി. അവിടുത്തെ സഭ വളർന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ ''നീ എഴുന്നേററ് തെക്കോട്ട് യരുശലേമിൽ നിന്നും ഗസെക്കുള്ള നിർജ്ജനമായ വഴിയിലേക്ക് പോക എന്നു പറഞ്ഞു''. (അ. പ്രവൃത്തികൾ 8:26) യാതൊരു പിറുപിറുപ്പും കൂടാതെ ഇത് അനുസരിക്കുന്നതായി നമുക്കു കാണാം. ഇന്ന് നമ്മുടെ ഒരു വൈദികനൊ സുവിശേഷ പ്രവർത്തകനൊ ഇതിനു തയ്യാറാകുമൊ? അതുപോലെ തന്നെ എത്യോപ്യയിലെ ധനകാര്യമന്ത്രിയെ സ്നാനപ്പെടുത്തിയ ഫിലിപ്പോസ് പിന്നെ അവനെ ചുററിപ്പററി നിൽക്കാതെ കർത്താവിന്റെ ദൂതൻ അവനെ എടുത്തു കൊണ്ടു പോയി. എത്ര നല്ല മാതൃക!

തന്റെ ഭവനത്തിൽ വന്ന് ഒന്നു രണ്ടു ദിവസം ആഹാരം കഴിച്ച ഏലീശായെ കണ്ട് ശൂനേയിലെ സമ്പന്നയായ സ്ത്രീ തന്റെ ഭർത്താവിനോടു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. ''നമ്മുടെ വഴിയെ കടന്നു പോകുന്ന ഇയാൾ വിശുദ്ധനായ ഒരു ദൈവ പുരുഷൻ എന്നു ഞാൻ കാണുന്നു. (2രാജ. 4:9) നമ്മുടെ വൈദികരും സുവിശേഷ പ്രവർത്തകരും ഇങ്ങനെയുള്ളവരെപ്പോലെ ആകണം.

നേരേ മറിച്ച് ഏലീശായുടെ കൂടെ നടന്നവനും ഏലീശായിൽ സ്വാധീനം ചെലുത്തത്തക്ക കഴിവുള്ളവനുമായ ഗേഹാസിയോട് ഏലിശാ ചോദിച്ചു. ''ദ്രവ്യം സമ്പാദിപ്പാനും, വസ്ത്രം, ഒലിവു തോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസി ദാസന്മാർ എന്നീ വക മേടിപ്പാനും ഇതാകുന്നുവൊ സമയം? (2രാജാ: 5:26) എന്ന ചോദ്യം ഇന്ന് നമ്മുടെ പല പ്രവർത്തകരോടും ചോദിക്കാൻ ഇടയില്ലയൊ?



# ക്രിസ്ത്യാനിയുടെ പഞ്ചശീല തത്വങ്ങൾ

**ജേക്കബ് ഉമ്മൻ**

ആധുനിക ലോകം പൊതുവെയും നമ്മുടെ മാതൃഭൂമിയായ ഭാരതം പ്രത്യേകിച്ചും മുമ്പെന്നത്തേക്കാളുമധികം വിവിധ തരത്തിലുള്ള പ്രതിസന്ധികളെ നേരിട്ടു കൊണ്ടിരിക്കുകയാണ്. മത, വർഗ്ഗീയ പ്രാദേശിക ചിന്തകളും മററു പലതരത്തിലുള്ള അന്താരാഷ്ട്ര പ്രശ്നങ്ങളും കൊണ്ട് നമ്മുടെ ചുററുപാടും അസ്വസ്ഥ പൂരിതമായിരിക്കുന്നു. വിദൂര ഗ്രഹങ്ങളെയും, ജ്യോതിർ ഗോളങ്ങളെയും കീഴടക്കുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ കാലം മുമ്പോട്ടു പോകും തോറും സങ്കുചിത ചിന്താഗതിക്കാരനായിക്കൊണ്ടിരിക്കുന്നത് അത്ഭുതം തന്നെയല്ലെ? ലോകത്തിന്റെ ഒരു ഭാഗത്ത് സമ്പത്ത് കുമിഞ്ഞു കൂടിയിട്ട് എന്തു ചെയ്യണമെന്നറിയാതെ മനുഷ്യൻ വിഷമിക്കുന്നു. ഭക്ഷ്യ ധാന്യങ്ങൾ ആവശ്യത്തിലേറെയുണ്ടായിട്ട് സുക്ഷിച്ചു വയ്ക്കിനിടമില്ലാതെ കത്തിച്ചു കളയുമ്പോൾ ലോകത്തിന്റെ മറെറാരു കോണിൽ ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ മരണത്തെ വരിക്കുന്നു. ഈ ദരിദ്ര ഭാരതത്തിൽപ്പോലും ആയിരക്കണക്കിന് ഏക്കർ ഭൂമി സ്വന്തമായിട്ടുള്ളവരുണ്ട്. ആറടിമണ്ണിന്റെ ജന്മിമാർ കോടാനുകോടിയും. സ്വന്തം മതത്തോടും മതവിഭാഗത്തോടുമുള്ള ഭക്തി ക്രമാതീതമായി വർദ്ധിച്ച് മററു ചിന്താഗതികൾ വച്ചു പുലർത്തുന്നവരെ ഇല്ലായ്മ ചെയ്യുവാനായി ശ്രമിക്കുന്നു. പ്രാദേശിക ചിന്താഗതി വർദ്ധിച്ച് വർദ്ധിച്ച് രാജ്യങ്ങൾ ഛിന്നഭിന്നങ്ങളാകുന്നു. നമ്മുടെ ഭാരതത്തിലാകട്ടെ സ്വാതന്ത്ര്യ പുനസമ്പാദനത്തിന് ശേഷം അപ്പോൾ നിലവിലിരുന്ന പ്രശ്നങ്ങളെല്ലാം കൂടുതൽ രൂക്ഷമായി ഇന്നും നിലവിലിരിക്കുന്നു എന്നു മാത്രമല്ല പ്രശ്നങ്ങൾ പതിന്മടങ്ങായി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഇതുവരെ ഇന്ത്യയെ ഭരിച്ച ഗവർമ്മെൻറുകൾക്ക് പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുവാനെ കഴിഞ്ഞുള്ളു, ഇതുവരെയുള്ള പഞ്ചവത്സര പദ്ധതികൾക്ക് പണക്കാരനെ കൂടുതൽ പണക്കാരനാക്കുവാനും

---

ഓരോ ക്രിസ്തീയ പ്രവർത്തകനും, സുവിശേഷകനും, വിശ്വാസിയും ''ഞങ്ങളെ നോക്കൂ'' എന്നു പറയുവാൻ കഴിവുള്ളവരായിരിക്കണം. എന്നെ വിശ്വസിച്ചിരിക്കുന്ന ജനങ്ങൾ ധരിച്ചിരിക്കുന്നതുപോലെ ഞാൻ വിശുദ്ധനാണോ? എന്റെ സ്നേഹിതന്മാർ ചിന്തിക്കുന്നതുപോലെ ഞാൻ നിഷ്കളങ്കനാണോ? ദൈവം എന്റെ പക്ഷത്തുണ്ട് എന്ന് എന്റെ സഭയിൽ ഉള്ള ആളുകൾ ചിന്തിക്കുന്നതുപോലെ ദൈവം എന്നോടു കൂടി ഉണ്ടോ എന്ന് ഓരോരുത്തരും ആത്മ പരിശോധന നടത്തുന്നത് അഭികാമ്യമായിരിക്കും.

*

പാവപ്പെട്ടവനെ കൂടുതൽ പാവപ്പെട്ടവനാക്കുവാനും കഴിഞ്ഞു. സമീപ കാലത്തൊന്നും ഇന്ത്യയെ ഗ്രസിച്ചിരിക്കുന്ന ഏതെങ്കിലുമൊരു പ്രശ്നം പൂർണ്ണമായി പരിഹരിക്കുവാൻ ഏതെങ്കിലും ഒരു ഗവർമെന്റിന് കഴിയുമെന്നും പ്രതീക്ഷിക്കുവാൻ വഴികാണുന്നില്ല. നീറിപ്പുകയുന്ന തീക്കട്ടമേൽ ചാരം വിതറുവാനെ ഇതുവരെ കഴിഞ്ഞിട്ടുള്ളു. ഈ സാഹചര്യത്തിൽ ക്രിസ്തു ദർശനത്തിന്റെ പ്രസക്തി വളരെ പ്രധാനപ്പെട്ടതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ?

## 1 സേവന മനോഭാവം

നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരനാകണം, നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകണം. (വി. മത്തായി 20:26-27) യഥാർത്ഥ നായകത്വത്തിന്റെ ശരിയായ മാനദണ്ഡം സേവനമാണെന്ന് ക്രിസ്തു സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്നിട്ടുണ്ട്. ഉത്തരവാദിത്വമുള്ള ക്രിസ്ത്യാനിയെന്ന നിലയിൽ നമ്മുടെ സാമൂഹ്യ ജീവിതത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കേണ്ട അവസരങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോഴെല്ലാം ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് ഉണ്ടായിരിക്കേണ്ട പ്രത്യേക ഗുണവിശേഷങ്ങൾ ഉണ്ട്.

**2 ത്യാഗം** ക്രൂശിലെ ത്യാഗം സർവ്വ ലോകത്തിനും മാതൃകയാണ്. നമ്മുടെ സമൂഹത്തിൽ, നമ്മുടെ ചുററുപാടും നമ്മുടെ ആവശ്യം എന്തെന്ന് മനസ്സിലാക്കി ത്യാഗമനോഭാവത്തോടെ പ്രവർത്തിക്കുവാൻ ഒരു യഥാർത്ഥ ക്രിസ്ത്യാനി സന്നദ്ധനാവണം.

**3 താഴ്മ** അന്യരുടെ അന്തസിനെ ബഹുമാനിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതാണ് താഴ്മ, അതോടൊപ്പം സ്വന്തം കുറവുകൾ അംഗീകരിക്കുകയും അന്യരുടെ നന്മകൾ ആസ്വദിക്കുകയും ചെയ്യണം.

(തുടരും)

---

## ഏകദിന സമ്മേളനം

പുത്തൻകാവ് ഡിസ്ട്രിക്റ്റ് സൺഡേ സ്കൂൾ അദ്ധ്യാപകരുടെ ഏകദിന സമ്മേളനം മെട്രോപ്പോലിററൻ ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. സിസ്ററർ സോഫിയാ മാതൃകാ ക്ലാസെടുത്തു, ബിസിനസ് മീററിംഗിനു ശേഷം റവ. ഫാ. ജോൺ ദാനിയേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനം ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. പി. സി. ജോസഫ്, ഗീവറുഗീസ് ജോൺ, ററി. എം. വറുഗീസ്, കുമാരി ഷീനാ സൂസൻ വറുഗീസ് എന്നിവർ പ്രസംഗിച്ചു. ഡി. ഇൻസ്പെക്ററർ ശ്രീ പി. സി. ചെറിയാൻ സ്വാഗതം ആസംശിക്കുകയും അദ്ധ്യാപക പ്രതിനിധി ശ്രീ. എം. എ. ജേക്കബ് റിപ്പോർട്ട് അവതരിപ്പിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

★



## ദിവ്യസൗന്ദര്യം

### പി. എം. ജോർജ്ജ്–അത്തിക്കയം

(തുടർച്ച)

ഒരു മുന്തിരിത്തോട്ടം സ്വന്തമെനിക്കുള്ള-
തൊരു നാളും നോക്കുവാൻ സാധിച്ചില്ല
അരുമപ്രീയാ നീയിന്നാടിനെ മേയിച്ചു
മരുവുന്ന ദേശമേതായിരിക്കാം?
പൊരിയും വെയിലേറു മുച്ച സമയത്തു
നിരയായ് കിടത്തുന്ന നാടെവിടെ.
പരമനാഥാ നിന്റെ സ്നേഹിതന്മാരുടെ
പെരിയോരജനിര തന്നരികിൽ
നറുമുഖം മൂടി ഞാനവരുടെ ചാരത്തു
വെറുതെയിരിക്കുന്ന തെന്തിനായ്
വനിതാ മണിമൗലെ, യോമലെ, സുന്ദരി-
യിനിയും നീയാടിന്റെ ചുവടുനോക്കി
ഇടയന്മാർ കൂടാര ചാരത്തണഞ്ഞു നി-
ന്നിളയോരജങ്ങളെ മേയിക്കേണം.
ഫറവോൻ നരപതി തേരിന്നു കെട്ടുന്ന
തുരഗം പോലേററവും സുന്ദരി നീ.
കവിളിന്റെ ശോഭയ്ക്കു രത്നാവലികൊണ്ടും
ഗളനാളം നന്മുത്തു മാലകൊണ്ടും
അതിയായ ശോഭവിതറി മനോഹരി
പുതിയോരു ഭംഗിയാർന്നുല്ലസിപ്പൂ.
നവ വെള്ളി മണികളാൽ മോദമേറിടുന്ന
സ്വർണ്ണ സരപ്പള്ളി നൽകീടട്ടെ.
ധരനാഥ ഭക്ഷണശാല മുഴുവനും
സുരഭിലമാക്കും സുഗന്ധ തൈലം.
കുചമദ്ധ്യേ ശോഭിക്കും മൂറിൻ സമൂഹമാ-
ണുചിതമനോഹരനെന്റെ പ്രിയൻ
പ്രണയത്താലെൻ ഗദി മുന്തിരിത്തോട്ടത്തിൽ
അണയുന്നവനൊരു മൈലാഞ്ചിപോൽ
സുമുഖി മനോഹരി സുന്ദരിതന്നെ നീ
മമ പ്രേമഭാഗ്യ മനോഹരാംഗീ
അതിരമ്യനേത്രങ്ങളാമാടപ്രാവിന്റെ-
യതി ശോഭയേറും നയനം പോലെ
മമ പ്രാണ നാഥനങ്ങേററം മനോഹരൻ
വിമലാത്മ നായകൻ ജീവിതേശൻ.
ഒരു പച്ച ശയ്യതാൻ നമ്മൾക്കഖിലേശൻ
അരുമയായ് നൽകിയനുഗ്രഹിച്ചു.
സുരദാരു തന്നെയാണുത്തരം വീടിന്റെ
സരളമാം വൃക്ഷം കഴുക്കോൽകളും.

(തുടരും)

# ഇരുളും നിഴലും

ഡീ. ജോൺ തോമസ്, കരിങ്ങാട്ടിൽ

...............വിവാഹം ജൂണിൽ നടക്കുമെന്നാണു പറഞ്ഞിരുന്നത്
ഭർത്താവുമൊത്ത് കരയും കടലും കടക്കുമെന്നും
പല ജൂണും കടന്നുപോയിട്ടും...........

ജോയിസിക്കു ജാതകം ശരിയാകുന്നില്ല— എന്നു പറയപ്പെടുന്നു. അവളുടെ ഡാഡി പെൻഷൻ ആകുന്നതിനു വളരെ മുമ്പുതന്നെ ജോയ്സിക്കു വേണ്ടി പണം ഫിക്സിട്ടിരുന്നു, അതിപ്പോൾ ഡബിളും ത്രിബിളും ആയിട്ടും വിവാഹം ശരിയാകുന്നില്ല. ശരിയായാൽ ഒട്ടു നടക്കുന്നുമില്ല. ജ്യോതിഷ നിഗമന പ്രകാരം കഴിഞ്ഞ ജൂണിൽ വിവാഹം നടക്കേണ്ടതായിരുന്നു. പക്ഷെ ഈ ജൂണും കടന്നുപോയി. ഇനി എത്ര ജൂൺ........ മലയാളി കുടുംബങ്ങളെ ഹഠാദാകർഷിച്ചുകൊണ്ടിരിക്കുന്ന ഒന്നാണു ജോതിഷ ശാസ്ത്രം, പത്ര—വാരികാദികളിൽ പ്രത്യക്ഷപ്പെടുന്ന വാരഫല വായിച്ച് ആശ്വസിക്കുന്നതിനായി ധൃതികൂട്ടുന്ന എത്രയെത്രവ്യക്തികൾ!

എടീ, ആ വാരിക ഇങ്ങോട്ടു തന്നേ,
വാരഫലം നോക്കിയിട്ടു തന്നേക്കാം —

എന്നു എൺപതു കഴിഞ്ഞ മുത്തശിയും പറഞ്ഞു പോകുന്നു. അത്രയ്ക്കു ഇവ മനുഷ്യ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തിക്കഴിഞ്ഞു. ഇവ വായിക്കുന്നതിനായി മാത്രം ഒന്നിലധികം വാരിക വരുത്തുന്നവരുമുണ്ട്. ജോതിഷ പംക്തി പത്ര-മാസികകൾക്ക് ഒരുക്കിക്കൊടുക്കുന്ന വൻ കിടലാഭം, കൊയ്ത്തുകാലമാക്കുവാൻ വൈവിധ്യവും പ്രത്യാശാത്മകവുമായ വരികൾ കോർത്തിണക്കാനായി പത്രാധിപരും ശ്രമിക്കുന്നു.

ഇത്തരം ജോതിഷ പംക്തികളിൽ കുടുങ്ങിയ ഒരാളാണു ജോയിസി. തന്റെ ജനന തീയതിയും നക്ഷത്രവും അയച്ചുകൊടുത്തു വിവാഹത്തെക്കുറിച്ച് ഏകദേശ ധാരണയിൽ എത്തിച്ചേർന്നു. അതിൻ പ്രകാരം

ജൂണിൽ വിവാഹം നടക്കുമെന്നാണു പറഞ്ഞത്.
ഭർത്താവും ഒത്ത് അവൾ കരയും കടലും കടക്കുമെന്നും.
പക്ഷെ പല ജൂണും കടന്നുപോയി. വിവാഹാലോചനകൾ
പലതും വന്നു. എങ്കിലും കരയും കടലും കടന്നു
രണ്ടുപേർക്കും കൂടി പോകുവാൻ പററുന്ന ഒന്നും ഇതുവരെ
വന്നിട്ടുമില്ല!

ജോയ്സി അത്തറിൻ മണം വിതറുന്ന കാറേററ് ജീവിതം ആസ്വാദ്യമാക്കുവാൻ തക്ക ഒരലയൻസ് തേടി കാത്തിരിക്കുന്നതിനാൽ വന്നെത്തുന്ന പല വിവാഹാലോചനകളോടും മനസ് പൊരുത്തപ്പെടത്തുവിൻ ശ്രമിക്കുന്നെങ്കിലും സാധിക്കുന്നില്ല. കടൽ കടന്നു താഴുന്ന സങ്കല്പങ്ങളിൽ അവളുടെ മനസ് അത്രയ്ക്കു കുടുങ്ങിക്കിടക്കുന്നു.



ജ്യോതിഷ ശാസ്ത്രം (Science of time) അഥവാ നക്ഷത്ര ശാസ്ത്ര (Science of stars) ത്തിന്റെ ഭ്രമണ പഥത്തിൽ കുരുങ്ങിയ എത്രയോ ജോയിസിമാർ മിഥ്യാ സങ്കല്പങ്ങളുമായി കഴിയുന്നുണ്ട്. ക്രിസ്തീയ പ്രത്യയ ശാസ്ത്രവും രക്ഷാകര പദ്ധതിയിലുള്ള പങ്കാളിത്തവും എപ്പോഴും ഉയർത്തിക്കാട്ടുമെങ്കിലും വാരഫലവും ജ്യോതിഷ-നക്ഷത്ര ശാസ്ത്രാദികളിലുള്ള വിശ്വാസവും ഇവരെ നയിക്കുന്നു. രണ്ട് വ്യത്യസ്ത വിശ്വാസ ധാരയിലൂടെ യാത്ര ചെയ്യുന്ന ഇവരിൽ ക്രിസ്തീയ വിശ്വാസത്തിന്റെ അന്തഃസത്തായോ ക്രിസ്തുവിലുള്ള സമർപ്പിത ജീവിതമോ ആഴമായി സ്വാധീനം ചെലുത്തുന്നില്ല. പ്രത്യക്ഷമായി ക്രിസ്തീ വിശ്വാസം ഉൾക്കൊണ്ടിരുന്നാലും ആഴങ്ങളിലേക്കിറങ്ങുമ്പോൾ ശൂന്യവും വ്യാകുലവും വ്രണിതമനസുമായി കഴിയുന്നവരുമായിരിക്കും. നാളെയെക്കുറിച്ചുള്ള ചിന്തകളും ഭാവിയെക്കുറിച്ചുള്ള ആകുലതകളും മനസിൽ വരിഞ്ഞു മുറികികൊണ്ടിരിക്കുമ്പോൾ സ്വല്പം ആശ്വാസം തേടിയെങ്കിലും തെളിഞ്ഞ രേഖകൾ നോക്കിയെന്നിരിക്കും. അല്പനേരത്തെ ആശ്വാസ വചനങ്ങൾ ജീവചര്യയിൽ രൂഢിതമാകുമ്പോൾ ജോയ്സിയെപ്പോലെ ആശ്വാസ തീരത്തിനായി കാത്തിരിക്കേണ്ടിവരും. ഇതിനിടെ വന്നെത്താവുന്ന പല നന്മകളെയും തിരിച്ചറിയുവാനുള്ള മനഃശേഷിയും നഷ്ടപ്പെടുത്തും. ഒരുത്തമ വിശ്വാസിക്കിത്തരം പ്രബോധനങ്ങളെയോ വ്യജ ദർശനങ്ങളേയോ ആശ്രയിക്കുവാൻ പററുകയില്ല. വേദപുസ്തകാധിഷ്ഠിതമായി ചിന്തിക്കുമ്പോൾ ഇതനുവദനീയവുമല്ല.

വേദപുസ്തകത്തിൽ ദൈവം നമുക്കു നൽകുന്ന കൃപയും അനുഗ്രഹങ്ങളും സവിസ്തരം പ്രതിപാദിക്കുന്നുണ്ട് ഒപ്പം യഹോവ അരുളിചെയ്യുന്നു.

ജാതികളുടെ വഴി പഠിക്കരുത്. ആകാശത്തിലെ ലക്ഷണങ്ങൾ
കണ്ട് ഭ്രമിക്കരുത്. ജാതികളല്ലോ. അവ കണ്ട് ഭ്രമിക്കിന്നത്.
(യിര. 10. 2)

മുഹൂർത്തക്കാരെയും ലക്ഷണം പറയുന്നവരേയും നിങ്ങളുടെ
ഇടയിൽ കാണരുത്. ആവ. 18.10—13 or ലേവ്യ. 19.27)
ലക്ഷണം പറയുന്നവർ വ്യാജം ദർശിച്ച് വ്യർത്ഥ സ്വപ്നം
പ്രസ്താവിച്ച വൃഥാ ആശ്വസിപ്പിക്കുന്നു (സെഖ്യ 10:2)

നോക്കുക. എത്ര വ്യക്തമായി ഇതിന്റെ നിരർത്ഥകത വെളിവാക്കിയിരിക്കുന്നു. ഇത്തരം വ്യർത്ഥ സ്പനങ്ങളുടെ പ്രസ്താവനകൾ വായിച്ച് ആകുലതയും വ്യാധിയും ബോധപൂർവ്വം നാം സൃഷ്ടിക്കുകയല്ലേ. യഥാർത്ഥ ക്രിസ്തീയ വിശ്വാസം നഷ്ടപ്പെട്ടപ്പോൾ വാര ഫലം വിശ്വാസമായി തീരുന്നു. പിന്നെ എല്ലാം അതിന്റെ അച്ചുതണ്ടിൽ മാത്രം തിരി

യുന്നവയായിരിക്കും 'ക്രിസ്ത്യാനി'യായി ജീവിക്കുന്നവർക്ക് ഇവ ഒന്നും നോക്കേണ്ടതായി വരികയില്ല. കാരണം യഹോവയാണു നമ്മുടെ പരിപാലകൻ. യഹോവ ഒരു ദോഷവും തട്ടാതവണ്ണം നമ്മെ പരിപാലിക്കും. നമ്മുടെ ഗമനത്തെയും ആഗമനത്തെയും പരിപാലിച്ചുകൊണ്ടും ഇരിക്കുന്നു. (സങ്കീർത്തനം 121)

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചപ്പോൾ, ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങൾ കൊണ്ടുവന്നു എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. (അപ്പോ. 19:19) വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞിരുന്ന ബാല്യക്കാരത്തിയെ പൗലോസ് യേശുക്രിസ്തുവിന്റെ നാമത്തിൽ സൗഖ്യമാക്കുന്നു, (അപ്പോ. 16:16) ഛിദ്രവും ക്ഷുദ്രിവുമായ ഈ പ്രവണതകൾ പൈശാചികതയിൽ നിന്നും ആജ്ഞതയുടെ ഇരുളിൽ നിന്നും ഉടലെടുക്കുന്നതാണ്. യേശുക്രിസ്തുവിന്റെ മരണം ഇത്തരം പൈശാചികതയെയും തോൽപ്പിക്കുവാൻ കഴിഞ്ഞു. (എബ്ര. 2:14)

ഉന്നത വിദ്യാഭ്യാസവും സാംസ്കാരികാഭ്യുന്നതിയും നാം നേടിയിട്ടും അജ്ഞതയുടെ താഴ്വരയിൽക്കൂടി സഞ്ചരിക്കുവാൻ പിന്നെയും നാം സന്നദ്ധമാകുന്നു. നാളെയ്ക്കായി വിചാരപ്പെടുകയും ആകുലപ്പെടുകയും ചെയ്യുന്നതിനാൽ യേശു നമ്മോട് ആകാശത്തിലെ പറവകളെക്കുറിച്ചും വയലിലെ താമരയെക്കുറിച്ചും ഉപദേശിക്കുന്നു. അതുകൊണ്ട് നാളെയ്ക്കായി വിചാരപ്പെടരുത്. നാളെ ലഭ്യമായേക്കാവുന്ന ഫലങ്ങളെക്കുറിച്ച് അന്വേഷിക്കയും അരുത്, എന്തെന്നാൽ എന്റെ ഓരോ നിമിഷവും ദൈവത്തിന്റെ കൈയിലിരിക്കുന്നു.

O, Lord my times are in thy hand (സങ്കീ. 31 : 14)

ശേഷക്കുറിപ്പ് :

വേദപുസ്തകത്തിലെ 7 ദിവസത്തെ സൃഷ്ടികർമ്മം (ഉല്പ. 1.3-2.3) 7 നക്ഷത്രങ്ങളുമായി ബന്ധപ്പെടുത്തി റോബർററ് ഗ്രേവിസ് ജ്യോതിഷപരമായി (astrological interpertation) വ്യഖ്യാനിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. (The white Goddess, faber & faber London, 1962 P.265) ഇയ്യോബ് 37:7, 38:31-33 എസ്തേർ, 1:10 മത്തായി 2:1-12, വെളി1:16 4.7 എന്നിവ ഈ പഠനത്തിന് ഉപോദ്ബലമായി എടുത്തിരിക്കുന്നു. എന്നാൽ പഴയ-പുതിയനിയമ വേദശാസ്ത്ര പണ്ഡിതന്മാർ ഈ വ്യാഖ്യാനത്തെ ചരിത്രപരമായി ഖണ്ഡിച്ചിട്ടുമുണ്ട്,

※



# ദൈവത്തിന്റെ സ്നേഹിതരാകുക

## മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ

(അഭി. തിരുമേനി തോട്ടയ്ക്കാട് മാർ അപ്രേം പള്ളി കൺവൻഷനിൽ ചെയ്ത പ്രസംഗം.
സമ്പാദനം:– മാർ തേവോദേസ്യോസ് റിസേർച്ച് സ്ററഡി സെൻറർ) (തുടർച്ച)

രാജാക്കന്മാർ വൈകുന്നേരവും രാവിലെയും ഉദ്യാനത്തിൽ നടക്കാൻ പോകുമ്പോൾ ഈ സ്നേഹിതന്മാർ അകമ്പടി സേവിക്കുക പതിവായിരിക്കും. ദാസന്മാരായല്ല, പ്രിയസ്നേഹിതരായാണ് അവർ ഇടപെടുന്നത്. ഇതുപോലെ ദൈവത്തിന്റെ സ്നേഹിതരായിട്ട് അനേകം ആളുകൾ ഈ ഭൂമുഖത്ത് ജനിച്ചു വളർന്ന് മൺമറഞ്ഞു പോയിട്ടുണ്ട്. അവരാണ് വിശുദ്ധന്മാർ. ഈ സ്നേഹിതന്മാരാകുന്നതിന് വലിയ യോഗ്യതയൊന്നും വേണ്ട. ഡോക്ടറേററും ഡോളറും വേണ്ട. ദൈവത്തിന്റെ കൃപയിൽ വസിപ്പാൻ പരി. കന്യക മറിയാമിന് സഭയിൽ പട്ടത്വമുണ്ടെന്ന് ആരും പറയുന്നില്ല. വലിയ സ്ഥാനമാനങ്ങളൊന്നും അന്നത്തെ നിലയിൽ ഇല്ല. സഭയുടെ സ്ഥാനിയെപ്പോലെ ഒരവകാശവും ഇല്ലാത്ത വ്യക്തിയാണ് മാതാവ്. എങ്കിലും ''സകല മനുഷ്യരും എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും'' എന്നാണ് മാതാവ് പറയുന്നത്. ഗീവറുഗീസ് സഹദാ ഒരു പടയാളി ആയിരുന്നു. ഒരു ശെമ്മാശന്റെ പദവിയിലേക്കു പോലും വന്നില്ല. കുറിയാക്കോസ് സഹദാ ഒരു ബാലനായിരുന്നു. ആ ബാലൻ തന്റെ ബാല്യ കാലത്ത് തന്നെ കർത്താവിനു വേണ്ടി ശിര ഛേദം ചെയ്യപ്പെട്ട ആളാണ്. ഇവരൊക്കെയാണ് ദൈവത്തിന്റെ സ്നേഹിതന്മാർ.

എന്താണ് സ്നേഹിതന്റെ സ്വഭാവം? നമ്മൾ മറ്റൊരാളോടു സ്നേഹം പുലർത്തുകയാണെങ്കിൽ നിങ്ങളുടെ എന്തെല്ലാം കുറവുകൾ ഞാൻ അറിഞ്ഞാലും ഞാൻ നല്ല സ്നേഹിതനാണെങ്കിൽ നിങ്ങളെ ഞാൻ സ്നേഹിക്കും, നിങ്ങൾ എന്നെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ ബലഹീനതകളെയും കുറവുകളെയും ഒന്നും കരുതാതെ അതൊന്നും കണക്കിടാതെ എന്നെ സ്നേഹിക്കും. ആ സ്നേഹിതൻ സ്നേഹിതനു വേണ്ടി ജീവൻ വയ്ക്കുന്നവനല്ലെ? നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ വയ്ക്കുന്നു, ദൈവം നമ്മെ സ്നേഹിതരാക്കിയെങ്കിൽ നമ്മുടെ മേന്മകൊണ്ടല്ല, നമ്മുടെ മഹത്വം കൊണ്ടുമല്ല. നമ്മുടെ ബലഹീനതയെ താൻ അറിയുന്നതുകൊണ്ടു കൂടിയാണ്. നമ്മുടെ ബലഹീനതകളെ തന്റെ മുമ്പാകെ താൻ കാണുന്നു, എങ്കിലും ദൈവം നമ്മെ സ്നേഹിക്കുന്നുണ്ട്. ഇതാണ് യഥാർത്ഥ സ്നേഹിതന്റെ സ്വഭാവം. എന്റെ കുറവുകളെ ഞാൻ അറിയുന്നില്ലെങ്കിൽ ദൈവം തമ്പുരാൻ അത് അറിയുന്നു, എങ്കിലും അവൻ എന്നെ

സ്നേഹിക്കുന്നു. അനാദിയായ സ്നേഹം കൊണ്ട് ദൈവം തമ്പുരാൻ എന്നെ കരുതുന്നു, സ്നേഹിക്കുന്നു.

ആകയാൽ നാം ദൈവത്തിന്റെ സ്നേഹിതരാകണം. ഒന്നാമത് ദൈവത്തിന്റെ തെരഞ്ഞെടുപ്പ് എന്താണെന്നു മനസിലാക്കണം. നമ്മൾ എല്ലാവർക്കും തെരഞ്ഞെടുപ്പുണ്ട്. അങ്ങനെ ഒരു ഉടമ്പടി ചെയ്തിട്ടുള്ളവരാണ് നമ്മൾ ''സാത്താനെ ഞാൻ ഉപേക്ഷിച്ച് മശിഹായെ കൈക്കൊള്ളുന്നു'' എന്ന് കുഞ്ഞിനുവേണ്ടി തലതൊട്ടയാൾ പറഞ്ഞിട്ടുണ്ട്. ഇത് കുഞ്ഞുങ്ങളോട് പറഞ്ഞുകൊടുക്കാൻ നമുക്ക് സന്ദർഭം വല്ലതുമുണ്ടോ? പറയുന്ന രീതി - വല്ലതുമുണ്ടോ? കുടുംബം ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള ഏററവും ചെറിയ ഒരു കതിർ മണിയാണ്. രണ്ടു വ്യക്തികൾ ചേരുമ്പോൾ ഒരു കുടുംബം ഉണ്ടാകുന്നു. കർത്താവരുളിച്ചെയ്തു ''എന്റെ നാമത്തിൽ രണ്ടോ മൂന്നോ വ്യക്തികൾ എവിടെ കൂടിയാലും ഞാൻ അവരുടെ മദ്ധ്യത്തിൽ ഉണ്ട്. രണ്ടോ മൂന്നോ പേർ ദൈവസന്നിധിയിൽ ദൈവത്തിന്റെ നാമത്തിൽ കൂടിവരുന്നത് എവിടെയാണെന്നു ചോദിച്ചാൽ ആർക്കും എവിടെയും പറയാവുന്നത് ഏതാണ്? ദൈവം രണ്ടു വ്യക്തികളെ യോജിപ്പിച്ച് നിങ്ങൾ ഒരു ശരീരം ആകുന്നു എന്നു പറഞ്ഞ് ഒരു കുടുംബ സൃഷ്ടി നടത്തുന്ന അവസ്ഥയെപ്പററിയാണ് ഞാൻ പറയുവാൻ പോകുന്നത്. അത് സമൂഹത്തിലെ ഏററവും ചെറിയ ഘടകമാണ്. രണ്ടു പേർ എന്റെ നാമത്തിൽ കൂടുന്നതെവിടെയൊ അവിടെ എന്റെ സാന്നിദ്ധ്യം ഉണ്ട്. ഒരു കുടുംബത്തിന്റെ സൃഷ്ടി ഒരു പുരുഷനെയും ഒരു സ്ത്രീയെയും ദൈവ നാമത്തിൽ യോജിപ്പിക്കുന്ന ഒരവസ്ഥയാണ്. ആ ഭവനമാണ് ദൈവ സാന്നിദ്ധ്യത്തിന്റെ ആദ്യ കളരി. അവിടെ ആ രണ്ടു പേരുടെയും വ്യക്തിത്വം നശിക്കാതെ രണ്ടു പേരും ഏക മനസോടുകൂടി യോജിച്ച് ദൈവ സന്നിധിയിൽ ദൈവത്തിന്റെ ശുശ്രൂഷകരായി നിൽക്കേണ്ടതും ആവശ്യമാണ്.

ദൈവം തന്റെ മനോഗുണത്താൽ ലോകത്തെ സൃഷ്ടിച്ചു. തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ, ആദാമിനെ സൃഷ്ടിച്ചു. എല്ലാ സൃഷ്ടിയും നല്ലതെന്ന് ദൈവം കണ്ടു, എന്നാൽ ഒരു കാര്യം അത്ര പന്തിയല്ലെന്ന് ദൈവം കണ്ടു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു ദൈവം കണ്ടു. കാരണം മനുഷ്യർ ഒരു സാമൂഹ്യ ജീവിയായി വളരണം. തന്റെ കാര്യം മാത്രം നോക്കി-കടുക് വളരുന്നതുപോലെ, തെങ്ങുവളരുന്നതു പോലെ- ജീവിക്കുന്നത് ദൈവത്തിന് ഇഷ്ടമുള്ള കാര്യമല്ല. ചുരുങ്ങിയത് രണ്ടു പേരെങ്കിലും കൂടുന്ന ഒരു ഗ്രൂപ്പ്, സമൂഹത്തിലെ ചെറിയൊരു ഘടകം ആണ് ദൈവം ആക്കിയിരിക്കുന്നത്. അതെ നമുക്കെല്ലാവർക്കും അനുഭവേദ്യമാക്കാവുന്ന ഒരു ഘടകമേതാണെന്നു ചോദിച്ചാൽ ഭാര്യാ ഭർതൃബന്ധമുള്ള ഒരു കുടുംബമാണെന്ന് ഉത്തരം. അതു ദൈവം യോജിപ്പിക്കുന്ന ഒരു കുടുംബമായിട്ടാണ് വളരുന്നതെങ്കിൽ ദൈവസാന്നിദ്ധ്യബോധം ഉണ്ടാകും. രണ്ടോ മൂന്നോ പേർ എന്നു പറയുമ്പോൾ എന്താണ്? മൂന്നോ എന്നു പറയുന്ന ആ വ്യക്തിത്വത്തിലേയ്ക്ക് കടന്നു



ചെല്ലുമ്പോൾ ആ കുടുംബത്തിലുണ്ടാകുന്ന കുഞ്ഞുങ്ങളെയാണ് കാണുന്നത്, ഭാര്യ, ഭർത്താവ് എന്നീ നിലയിൽ രണ്ടുപേരും ദൈവനാമത്തിൽ യോജിക്കപ്പെടുന്നു. അതു കഴിഞ്ഞാൽ ദൈവം അവർക്കു നൽകുന്ന കുഞ്ഞുങ്ങളെ ആ ക്രിസ്തീയ ഭവനത്തോടു ചേർക്കുവാൻ കൂദാശകൾ നൽകി അതിനെ അവരുടെ ഭാഗമാക്കി, ക്രിസ്തീയ സഭയുടെ ഭാഗമാക്കി, ഭവനത്തിന്റെ ഭാഗമാക്കി തീർക്കുമ്പോളാണ് വിശുദ്ധന്മാരുടെ ജീവിതം ആരംഭിക്കുന്നത്. മാതാവ് കുഞ്ഞിനെ പഠിപ്പിക്കുന്നു. ആദ്യ ഗുരു എന്ന നിലയിൽ പിതാവ് കുഞ്ഞിനെ പഠിപ്പിക്കുന്നു. എന്താണ് പഠിപ്പിക്കുന്നത്? നീ സാത്താനെ ഉപേക്ഷിച്ച് മ്ശിഹായെ കൈക്കൊണ്ടിരിക്കുന്നവനാണെന്ന് കുഞ്ഞിനോടു പറയുവാൻ മനസില്ലാത്ത മാതാപിതാക്കൾ എത്രമാത്രം ഉപദേശം വേറേ കൊടുത്തതുകൊണ്ടും കാര്യമൊന്നും ഇല്ല. ദൈവം നമ്മെ ഏല്പിച്ച നിധികളാണ് കുഞ്ഞുങ്ങൾ. ഇവരെ ദൈവ ഭയത്തിൽ വളർത്തുവാൻ, ഇവരെ വിശുദ്ധിയുടെ പാതയിലേക്ക് കൊണ്ടുവരുവാൻ നമുക്ക് ചുമതലയുണ്ട്. ഈ ഉത്തരവാദിത്വത്തിൽ നിന്നും വിമുഖരായി നിൽക്കുകയാണ് നമ്മളിന്ന്.

വിശുദ്ധന്മാരെ വളർത്തിയെടുക്കണം. അതിനുള്ള കളരിയാണ് നമ്മുടെ ഭവനം. നമ്മുടെ ഇടവകകൾ, സഭ എന്നിവ ഇതിന് നിങ്ങളോരോരുത്തരും വളരെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. സ്ററാൻലി എന്ന വിശുദ്ധൻ പറഞ്ഞത് ''കൂദാശപരമായ പല ബന്ധങ്ങളോടുകൂടിയ ഒരു യുണിററാണ് കുടുംബം'' എന്നാണ്. അതിനാൽ വിവാഹം എന്ന ബന്ധത്തിൽ കൂടി രണ്ടുപേരും ബന്ധത്തിൽ വരുന്നു. അതിനോടുകൂടി മാമോദീസാ, മൂറോൻ, വി. കുർബാനാനുഭവം, കുമ്പസാരം, രോഗികളുടെ തൈലാഭിഷേകം തുടങ്ങിയ കാര്യങ്ങൾ ഈ കുടുംബത്തെ ക്രിസ്തീയ കുടുംബമാക്കി വളർത്തണം. വിശുദ്ധന്മാർ എവിടെയാണ് വിളങ്ങേണ്ടത്? ഈ കുടുംബത്തിലാണ്.

ഒരു അനുഗൃഹീതമായ കുടുംബമായിരുന്നു ഏലീശുബായുടേതും സഖറിയായുടേതും. അവർ പ്രായാധിക്യത്തിലായിരുന്നെങ്കിലും സകല നീതിയും ധർമ്മവും പാലിക്കുന്നവരുമായിരുന്നു. അതുകൊണ്ട് യഹോവാ കരുണ ചെയ്തു. യോഹന്നാൻ ആ കുടംുബത്തിൽ ഉണ്ടായി. നിങ്ങൾ താമസിക്കുന്ന വാസ്ഥലങ്ങളെല്ലാം ദൈവത്തിന്റെ സാന്നിദ്ധ്യ ബോധമുള്ള ക്രിസ്തീയ കുടുംബങ്ങളായി രൂപാന്തരപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാവശ്യമാണ്. അവിടെയാണ് യഹോവ കരുണ ചെയ്യുന്നത്. അങ്ങനെയുള്ള ക്രിസ്തീയ ഭവനങ്ങൾ ഒന്നു ചേരുമ്പോൾ ആ സ്ഥലം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. ആ കൂടിവരുന്നവർക്ക് ദൈവത്തിന്റെ സ്നേഹിതന്മാരോട് സംഭാഷണം നടത്തുവാൻ കഴിയും, ദൈവത്തിന്റെ സ്നേഹിതന്മാരോട് സംസർഗ്ഗം നടത്തുവാൻ കഴിയും. അവർ എല്ലാവരും കൂടി ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. ആ ആത്മീയ അനുഭവം ഇല്ലാത്ത കുടുംബം പള്ളിയിൽ വന്നാൽ അത് സാത്താന്റെയും കള്ളന്മാരുടെയും ഗുഹയായിത്തീരുമെന്നുള്ള

തിൽ സംശയമില്ല. നമ്മുടെ ഇടവകകളിൽ സമാധാനം ഇല്ലാതാകുന്നു. കാരണം നിന്റെ വീട് നീതിമാന്റെ കൂടാരമല്ല. നിന്റെ വീട് മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം പുറപ്പെടുവിക്കുന്ന വാസസ്ഥലമല്ല.

അബ്രഹാമിന്റെ കുടുംബത്തെ നോക്കുക. അവൻ കൂടാരവാസിയായി ഓരോ ദിവസവും മുമ്പോട്ടുപോകുന്നു. ആ കൂടാരത്തിൽ ഒരു യാഗ പീഠമുണ്ട്. ആ യാഗപീഠത്തിൽ ദിവസവും അബ്രഹാം ബലിയർപ്പിക്കുന്നു. കൂടാരത്തിൽ വസിച്ച് ദൈവ ഹിതത്തിനനുസരിച്ച് മുമ്പോട്ടുപോകുകയാണ് ചെയ്യുന്നത്. ദിവസവും താൻ ഒററയ്ക്കായപ്പോഴും മകനോടുകൂടിയായപ്പോഴും ആ ബലി നിരന്തരമായി അർപ്പിച്ചു. അതു കാരണം ഒരു ദിവസം യഹോവ കല്പിച്ചു. നീ ഏററവും അധികം സ്നേഹിക്കുന്ന നിന്റെ മകനെ എനിക്കായി ബലിയർപ്പിക്കുക. അബ്രഹാമും മകനും വാല്യക്കാരനും ബലിയർപ്പിക്കുവാനായി മൂന്നു ദിവസം യാത്ര ചെയ്തു. വാല്യക്കാരനെ ഇടയ്ക്കു നിർത്തി അബ്രഹാമും മകനും ബലിപീഠത്തിങ്കലേക്ക് പോകുകയാണ്, മകൻ വിറകു ചുമക്കുന്നു. കത്തിയും വിറകുമുണ്ട്; വഴിയിൽ വച്ച് മകൻ ചോദിക്കുന്നു പിതാവേ! ബലിയർപ്പിക്കേണ്ടതിന് വിറകുണ്ട്, തീയുണ്ട്, കത്തിയുണ്ട്, പക്ഷെ കുഞ്ഞാടെവിടെ?........എന്ന്. യഹോവാ കരുതിക്കൊള്ളും എന്നാണ് അബ്രഹാം മറുപടി പറയുന്നത്. നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇന്ന്—ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന ചെറുപ്പക്കാർക്ക് - ഒരാരാധനയുടെ എല്ലാ വശങ്ങളും എന്താണെന്നറിയാമോ?........അറിയില്ല. കാരണം. പരിചയമില്ല. അബ്രഹാമിന്റെ ഭവനത്തോടു ചേർന്ന് എന്നും ബലിയുണ്ടായിരുന്നു. ഒരു ബലിയർപ്പിക്കുവാൻ എന്തൊക്കെ വേണമെന്ന് ആ കുഞ്ഞിനറിയാമായിരുന്നു. ബലിയർപ്പിക്കണമെങ്കിൽ കുഞ്ഞാടു വേണം. ആ ആട് ഇല്ലാതിരുന്നതിനാൽ ആ ബാലൻ സംശയം ചോദിക്കുന്നു! ആട് എവിടെ എന്ന്.

നമ്മുടെ സഭാ ജീവിതത്തെപ്പററി ചോദിക്കുകയാണെങ്കിൽ വളരെ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ പോലും നമുക്ക് അറിയില്ല. പല ആളുകളും സമൂഹങ്ങളും അവരുടെ ആരാധനയിൽ ആചാരങ്ങളിൽ വേണ്ടാ എന്നു പറഞ്ഞ് തള്ളിക്കളയുന്ന പല കാര്യങ്ങളും ഓർത്തഡോക്സ് സഭയുടെ പാരമ്പര്യമായി മാറിക്കൊണ്ടിരിക്കുകയാണ്! ഭവനം ഭവനമല്ലാതെയായി. ദൈവത്തിന്റെ ആലയം പ്രാർത്ഥനാലയം അല്ലാതെയായി. വിശുദ്ധന്മാരുടെ സാന്നിദ്ധ്യബോധം നമ്മിലുണ്ടാകട്ടെ. അവർ ദൈവത്തെ പ്രസാദിപ്പിച്ചത് എങ്ങനെയെന്ന് നമ്മൾ അറിഞ്ഞുകൊണ്ട് ദൈവത്തിന്റെ മുമ്പാകെ നിൽക്കുക ''വി. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിന് എന്നെ വിളിച്ചു. പോയാൽ എനിക്ക് എന്റെ പാപങ്ങളെപ്പററി ഓർമ്മവരും.'' എന്നാണ് നമ്മുടെ നമസ്കാര പുസ്തകത്തിൽ നാം കാണുന്നത്. അപ്രേം പിതാവിന്റെ പെരുന്നാളിന് പോയാൽ പാപങ്ങളെപ്പററി ഓർമ്മവന്ന് കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കുന്ന



ഒരു അനുഭവം തമ്മൾക്കുണ്ടാകും. അതു വേണ്ടാത്തതുകൊണ്ട് ഞാൻ വരുന്നില്ല. 'വരാതിരിക്കുമ്പോൾ ഞാൻ അന്യനായിത്തീരുകയാണ് ചെയ്യുന്നത്. പെരുന്നാളിലേക്ക് കടന്നു വരുമ്പോൾ വിശുദ്ധന്മാരുടെ സംസർഗ്ഗമാണ് നമ്മുടെ ആവശ്യം. ദൈവസ്നേഹിതന്മാരെപ്പററി ചിന്തിക്കുന്നതാണ് നമുക്ക് ആവശ്യമായിരിക്കുന്നത്, സ്നേഹിതൻ സ്നേഹിതനോടൊത്ത് വസിക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ ദൈവത്തിന്റെ സ്നേഹിതന്മാർക്ക് ക്രിസ്തുവിന്റെ സ്നേഹിതനാണെന്ന് ദൈവം നമ്മോടു പറയുമ്പോൾ നമ്മുടെ പ്രതികരണം എന്താണ്? I want to live with him. എന്റെ സ്നേഹിതനോട് ഒത്തു ജീവിക്കുന്നതിൽ ഒന്നിടപെടുന്നതിൽ എനിക്ക് താല്പര്യമുണ്ട്, കർത്താവായ യേശുക്രിസ്തുവിനോടു കൂടെ കുറേനാൾ കഴിയുന്ന ഒരു ജീവിതം നയിക്കുവമൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് ആർക്കു പറയുവാൻ കഴിയും.?

സ്നേഹിതൻ ആണെങ്കിൽ അവനോടൊത്തു വസിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നു. സ്നേഹിതന്മാർ അന്യോന്യം മധുര സംഭാഷണം നടത്തുന്നവരാണ്. യേശു ക്രിസ്തുവുമായി മധുര സംഭാഷണം നടത്തുവാൻ സൃഷ്ടാവായ ദൈവവുമായി ബന്ധം പുലർത്തുവാൻ ദൈവത്തിൽ നിന്നും നമുക്ക് കിട്ടിയിരിക്കുന്ന വഴികളാണ് പ്രാർത്ഥനയും ആരാധനാ അനുഭവങ്ങളും. താൻ തന്റെ സ്നേഹിതന്റെ സ്നേഹിതനുമായി മധുര സംഭാഷണം നടത്തിക്കൊണ്ടു പോകുകയാണ്. അതെ കർത്താവായ യേശുക്രിസ്തു ഉയർത്തെഴുന്നേററ അന്നു വൈകുന്നേരത്ത് രണ്ടു ശിഷ്യന്മാർ യെറുശലേമിൽ നിന്ന് യറീഹോവിലേക്ക് ഏഴു നാഴിക ദൂരം പരിഭ്രമിച്ച് നടക്കുമ്പോൾ മൂന്നാമതൊരു മനുഷ്യൻ കടന്നുവന്ന് അവരോടുകൂടി നടക്കുന്നു. നിങ്ങൾ എന്താണ് തർക്കിക്കുന്നത്? നിങ്ങളുടെ മുഖം എന്താണ് വാടിയിരിക്കുന്നത് എന്നൊക്കെ ആ ശിഷ്യന്മാരോട് സ്നേഹിതൻ ചോദിച്ചപ്പോൾ അവർ ഉള്ള കാര്യങ്ങളൊക്കെപ്പറഞ്ഞു. ''യിസ്രായേലിന്റെ രക്ഷയ്ക്കായി യേശു വന്നു. ഞങ്ങൾ അവന്റെ പിന്നാലെ പോയി'' നിരാശരായ അവരോട് മൂന്നാമതായി വന്ന മനുഷ്യൻ സംഭാഷണം നടത്തി. വേദപ്രമാണങ്ങളിലെ വലിയ പ്രവചനങ്ങളെപ്പററി അവരോടു സംസാരിച്ചു. അവരുടെ ഹൃദയത്തിൽ അഗ്നി കത്തി എന്നാണു പറയുന്നത്. ദൈവം തമ്പുരാനുമായുള്ള സംഭാഷണം കർത്താവായ യേശുക്രിസ്തു നമ്മോടു കൂടി ഇടപെട്ട് നമ്മുടെ ജീവിതത്തിന്റെ വഴിയിൽ കൂടി നമ്മെ അനുഗമിക്കുമ്പോൾ അവൻ നമ്മോടുകൂടി ഇരിക്കുവാനും നമ്മോടു സംസാരിക്കുവാനും ആഗ്രഹിക്കുന്നു. യേശുവിന്റെ മധുര സ്വരം കേൾപ്പാൻ, നമ്മുടെ സംസാരം അങ്ങോട്ടു കേൾക്കുവാൻ പ്രാർത്ഥനയും ധ്യാനവും എന്ന ആത്മീയാനുഭവം നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ടതിന് പ: നോമ്പു ദിവസങ്ങളിൽ നമ്മൾ സമയം കണ്ടെത്തേണ്ടതാണ്.

സ്നേഹിതന്മാർ ദൂരെയാണ് വസിക്കുന്നതെങ്കിൽ കത്തു മൂലവും ഫോൺ മൂലവും ബന്ധപ്പെടുകയും ആശയങ്ങൾ കൈമാറു

കയും ചെയ്യുന്നു. ദൈവം നമ്മുടെ സ്നേഹിതനാണ്, ദൈവം തന്റെ അനന്തമായ കൃപകൊണ്ട് നമ്മോടു സംസാരിക്കുകയും നമുക്ക് എഴുത്തുകൾ എഴുതി നമ്മെ അറിയിക്കുകയും ചെയ്യുകയാണ് ചെയ്യുന്നത്. ഏതാണ് ദൈവത്തിന്റെ എഴുത്ത്? വി. വേദപുസ്തകം അല്ലാതെ മറ്റൊന്നുമല്ല. ആത്മവിശ്വാസം എന്നാണ് അതിനെപ്പറ്റി പറയുന്നത്. 66 പുസ്തകം നമ്മൾ അംഗീകരിച്ചിട്ടുണ്ട്. ഈ കാനോനിൽ പെടാത്ത മറ്റു പുസ്തകങ്ങളും ഉണ്ട്. ഇതൊക്കെ ദൈവാത്മ വിശ്വാസ്യങ്ങളാണ്. ഇത് ഏകദേശം 1500 വർഷങ്ങൾക്കിടയിൽ വിവിധ. ഗ്രന്ഥകാരന്മാരെക്കൊണ്ട് ഏക ഗ്രന്ഥ കർത്താവായ പരിശുദ്ധാത്മാവാണ് ഈ ഗ്രന്ഥം എഴുതിച്ചിട്ടുള്ളതെന്ന കാര്യം നമ്മളാരും മറന്നു പോകരുത്. അതുകൊണ്ട് ദൈവവുമായി സംഭാഷണം നടത്തുന്ന പ്രാർത്ഥനയോടൊപ്പം തന്നെ ഈ വിശുദ്ധവചനം വായിക്കുവാനും പാഠിക്കുവാനും നമ്മുടെ വിശ്വാസികൾ സമയം കണ്ടെത്തേണ്ടതും ആവശ്യമാണ്. വി. വേദപുസ്തകവും വിശുദ്ധന്മാരുടെ ജീവിതശൈലിയും വായിച്ചു മനസിലാക്കുവാൻ മനസുണ്ടെങ്കിൽ നമ്മൾ ദൈവത്തിന്റെ സ്നേഹിതന്മാർ ആകും. സ്നേഹിതൻ സ്നേഹിതനുവേണ്ടി ജീവൻ വയ്ക്കുന്നു, നീ ദൈവത്തിന്റെ സ്നേഹിതനാണെന്ന് പറയുന്നുവെങ്കിൽ ദൈവത്തിനു വേണ്ടി നിനക്കെന്തെങ്കിലും ത്യജിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

തന്നത്താൻ ത്യജിച്ച് ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ. ദിനം തോറും യേശുക്രിസ്തുവിന്റെ പിന്നാലെ കുരിശെടുത്ത് കൊണ്ട് പോകുവാനാണ് പറഞ്ഞത്. കുരിശെന്നു പറയുന്നത് മരണമാണ്. കുരിശിന്റെ പിന്നാലെയുള്ളത് പുനരുത്ഥാനമാണ്. ദിനംതോറും കുരിശെടുക്കുക എന്നു പറഞ്ഞാൽ ഒരു ക്രിസ്ത്യാനി ദിനം തോറും മരിക്കുകയും ഉയർത്തെഴുന്നേൽക്കുകയുമാണ് ചെയ്യുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. കുർബ്ബാനയിൽ കേൾക്കുന്ന പ്രാർത്ഥനയാണ് പഴയ മനുഷ്യൻ ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെട്ടു. അടക്കപ്പെട്ടു. അവൻ ഉയർത്തെഴുന്നേറ്റ് പുതിയൊരു സൃഷ്ടിയായിത്തീരുന്നു, ആ ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ ആ കുഞ്ഞിനെ സഭയ്ക്കു വേണ്ടി തലതൊടുന്ന പിതാവിനെയൊ മാതാവിനെയൊ ഏല്പിക്കുന്നു. അവിടെയും മരണവും ഉയർത്തെഴുന്നേൽപ്പും രണ്ടാമത്തെ പുതുജീവന്റെ അനുഭവവുമുണ്ട്. വി. കുർബ്ബാനയിലേക്ക് കടന്നു വരുമ്പോൾ 'കർത്താവെ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു' എന്നു പറഞ്ഞാൽ രണ്ടായിരം കൊല്ലങ്ങൾക്ക് മുമ്പ് നീ വന്നപ്പോൾ യഹൂദന്മാർ നിന്നെ പിടിച്ച് റോമാക്കാരുടെയടുത്ത് കൊടുത്തു, റോമാക്കാർ നിന്നെ ക്രൂശിച്ചു എന്ന ചരിത്രപരമായ ഓർമ്മ അല്ല. നല്ല ഇടയനായ യേശുവേ! നീ എനിക്കു വേണ്ടി ക്രൂശിക്കപ്പെട്ടു. നിന്റെ അടിപ്പിണ



രുകളാൽ എനിക്ക് സൗഖ്യം വന്നു. നീ എന്റെ പാപത്തിന് പരിഹാരമായി ക്രൂശിന്മേൽ കയറിയെന്നാണ് പ്രഖ്യാപിക്കുന്നത്. യേശുക്രിസ്തുവിന്റെ ഓർമ്മയ്ക്കാണ് വി. കുർബ്ബാന നടത്തുന്നത്. നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. കർത്താവേ നിന്റെ മരണത്തോടു ഞങ്ങൾ അനുരൂപരാകുന്നു. നിന്റെ ആ ഉയിർത്തെഴുന്നേല്പ് പോലെ ഞങ്ങൾ പുതുജീവനിലേക്ക് കടന്നു വന്നിരിക്കുന്നു. നിന്റെ രണ്ടാമത്തെ വരവിന് ആ പുതിയ ആകാശവും പുതിയ ഭൂമിയും നീതി വസിക്കുന്ന ആ വലിയ സൃഷ്ടി വ്യൂഹത്തിലേക്കു ഞങ്ങൾ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ഞാനോ കുറയണം അവനോ വളരണം എന്ന് യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ വച്ചു പറഞ്ഞു. വിശ്വാസികളുടെ സമൂഹം ദിനം തോറും യേശുക്രിസ്തു നമുക്കു വേണ്ടി ചെയ്ത ആ വലിയ കാര്യം ഓർത്തു കൊള്ളണം.

കർത്താവായ യേശുക്രിസ്തു നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവനെ വച്ചു. കർത്താവേ നിന്റെ മരണത്തെ ഞാങ്ങൾ ഓർക്കുന്നു, യേശു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ആ പിതാവിനെയാണ് നമ്മൾ ഓർമ്മിക്കുന്നത്. 23-ാം സങ്കീർത്തനത്തിൽ വായിക്കുന്നതു പോലെ അവൻ എനിക്കു വേണ്ടി കരുതുന്നു. എന്റെ പാനപാത്രം നിറഞ്ഞു കവിയുന്നു. ശത്രു മുമ്പാകെ എനിക്ക് മേശ ഒരുക്കുന്നു. മരണ നിഴലിൻ താഴ്‌വരയിൽക്കൂടി നടന്നാലും എനിക്കൊരനർത്ഥവും ഭയപ്പെടാനില്ല. അവൻ എന്നെ സന്തുഷ്ടനാക്കുന്നു. നന്മയും കരുണയും എന്റെ ആയുഷ്കാലം മുഴുവൻ പിന്തുടരുന്നു. അവൻ വലിയ ഇടയനാണ്. അവൻ എനിക്കുവേണ്ടി ജീവൻ വച്ച നല്ല ഇടയനാണ്. അവൻ എനിക്കു വേണ്ടി ഉയർത്തെഴുന്നേറ്റു സ്വർഗ്ഗസ്ഥനായ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന സജീവനായിരിക്കുന്ന ദൈവമാണ് അവൻ സ്വർഗ്ഗസിംഹാസനത്തിലിരിക്കുമ്പോൾ തന്നെ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലേക്കു കടന്നുവന്ന് ഇമ്മാനുവേൽ എന്നർത്ഥം വരുന്ന ദൈവം നമ്മോടു കൂടെ എന്നു പറയുന്നു. അതുകൊണ്ടാണ് അവന്റെ ഉയർത്തെഴുന്നേല്പിനെ നാം ദിവസം തോറും പ്രഖ്യാപിക്കണം എന്നു പറയുന്നത്. യേശുക്രിസ്തുവിനെ ശ്രേഷ്ഠൻ എന്നാണു പറയുന്നത്. ആ ശ്രേഷ്ഠൻ പ്രത്യക്ഷപ്പെടുമ്പോൾ അവൻ നമുക്ക് കിരീടം നൽകുമെന്നാണ് പറയുന്നത്. അതു വരാനിരിക്കുന്ന കാര്യമാണ് ശ്രേഷ്ഠം ഇടയനായ കർത്താവ് തന്റെ രണ്ടാമത്തെ വരവിനു വേണ്ടി ഞങ്ങൾ നോക്കിപ്പാർക്കുന്നു എന്നു പറയുന്നു. അതാണ് വി. കുർബ്ബാനയിലേക്ക് കടന്നു വരുമ്പോൾ കർത്താവിന്റെ മരണം, അവന്റെ പുനരുത്ഥാനം, അവന്റെ രണ്ടാമത്തെ വരവിനെപ്പറ്റി ഓർമ്മിക്കുന്നതിന്റെ സ്ഥാനമിതാണ്. നമ്മൾ പഴയ മനുഷ്യർ പാപം സംബന്ധിച്ചു മരിച്ചു. പുതിയ ജീവൻ സംബന്ധിച്ചു ഉയർത്തെഴുന്നേറ്റ് ആ നീതിയിൽ വസിക്കുന്ന അനുഭവമാണ്. ഇതാണ് വിശുദ്ധന്റെ

ജീവിതത്തിന്റെ മുഖമുദ്ര. അവർ ദൈവത്തിന്റെ സ്നേഹിതന്മാരാണ്: അവർ ദൈവത്തിന് പ്രസാദമുള്ളവരാണ് അവരുടെ സമൂഹത്തിലാണ് നമ്മൾ ദൈവത്തെ ആരാധിക്കുന്നത്. അവർ നമുക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കും. സാക്ഷികളുടെ വലിയൊരു സമൂഹം നമുക്കു ചുററും നിന്നു കൊണ്ടു ചെയ്യുന്ന ആരാധന.

ഈ പരിശുദ്ധമായ അനുഭവത്തിലേക്ക് ഈ വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലേക്ക് ദൈവം തമ്പുരാൻ നമ്മെ വിളിച്ചടുപ്പിച്ചിരിക്കുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ ഞാൻ ദൈവത്തിന്റെ സ്നേഹിതനാണ്. ദൈവം എന്റെ സ്നേഹിതനായിരിക്കുന്നതു പോലെ ഞാൻ എന്റെ ദൈവത്തിന്റെ സ്നേഹിതനാണ്. ദൈവത്തിനു വേണ്ടി പല കാര്യങ്ങൾ ത്യജിക്കുവാനുള്ള മനോഭാവം ഉള്ളവനാണ് സ്നേഹിതൻ. സ്നേഹിതനു വേണ്ടി ജീവൻ പോലും ബലിയർപ്പിക്കുവാൻ തയ്യാറാണ്. സ്നേഹിതന്മാർ ഒന്നിച്ചു വസിക്കുവാൻ ആഗ്രഹിക്കുകയാണ്, ഒന്നിച്ചു നടക്കുവാനും, ഒന്നിച്ചു സംഭാഷണം നടത്തുവാനും അന്യോന്യം കത്തുകൾ എഴുതുവാനും, ആശയവിനിമയം നടത്തുവാനും ആഗ്രഹിക്കുന്നവരാണ്, സഭയെ സ്നേഹിക്കുന്നുവെങ്കിൽ യേശു ക്രിസ്തുവിന്റെ സ്നേഹിതരാണെങ്കിൽ ഈ കാര്യങ്ങളൊക്കെ നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരണം. അതാണ് വിശുദ്ധന്മാർ നമ്മെ പഠിപ്പിക്കുന്നത്. ഈ ഭാഗ്യകരമായ അനുഭവത്തിന് നമുക്ക് ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ★



## സൂസൻ ജോർജ്

സൺഡേസ്കൂൾ സൗത്ത് സോൺ പ്രസംഗ മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ സൂസൻ ജോർജ്, പന്തളം അറത്തിൽ സെന്റ് ജോർജ് സൺഡേസ്കൂൾ വിദ്യാർത്ഥിനിയാണ്.



ഗാനം

# നിർമ്മലതയുടെ മാതൃക

## ഫാ. ററി. എം. അലക്സന്ത്രയോസ്

(മാപാപി എന്നെത്തേടി..............എന്ന രീതി)

1 പുതുമഴവെള്ളം തൊടിയിലും വീടിൻ
മുററത്തും പതഞ്ഞൊഴുകുമ്പോൾ
അയലത്തെ പിഞ്ചു പൈതങ്ങൾ ചേർന്നു
കളിവിനോദത്തിൽ മുഴുകിനാർ

2 ചെളിവെള്ളം തെറിച്ചൊരു പൈതൽ തന്റെ
വസനങ്ങൾ മലിനമായപ്പോൾ
കദനത്താൽ വദനം വാടി മാതാവി-
ന്നിടമണഞ്ഞിട മോതിനാൽ

3 ''അയലത്തെ ബാലനെന്റെ ദേഹത്തു
ചെളിവെള്ളം തെറിപ്പിച്ചമ്മെ''
വാർത്ത കേട്ടുടൻ ക്രോധാവേശത്താൽ
ചാടിമുററത്തിറങ്ങിനാൾ

4 അയലത്തെ സ്ത്രീയെ ലക്ഷ്യമാക്കി ശ-
കാര മാരി തുടരവേ
അവളും തൻമുററത്തേക്കിറങ്ങിനി
ന്നാക്രോശങ്ങൾ തുടങ്ങിനാൾ

5 സമയമേറെക്കഴിഞ്ഞിട്ടും കലഹം
ശമനമാർന്നില്ലെന്നാകിലും
വിദ്വേഷം വിട്ടു ബാലർ മേളിച്ചു
വീണ്ടും കേളിയിൽ മുഴുകിനാർ

6 അതുവഴിവന്ന മുത്തശ്ശി ഒരുവൾ
അതു കണ്ടീവിധമോതിനാൾ
''നാണം കെട്ടുള്ള നാരികൾ നിങ്ങ-
ളാർക്കു വേണ്ടിക്കലഹിപ്പൂ?

7 പകയും വൈരവും വിട്ടാപ്പൈതങ്ങൾ
വീണ്ടും ചേർന്നു കളിക്കുന്നു
വിമലന്മാരവർ കാട്ടും മാതൃക
അനുകരണീയം നിങ്ങൾക്കും

8 പിൻതിരിഞ്ഞവർ നോക്കുമ്പോളൊരുവൻ
അപരന്റെ തോളിൽ കയ്യിട്ടു
തുള്ളിച്ചാഞ്ചാടും ബാലരെക്കണ്ടു
ലജ്ജിതരായി നിന്നു പോയി.

9 പിഞ്ചുപൈതലിൻ നിർമ്മലമായ
മാനസം നമുക്കില്ലായ്കിൽ
പാവനാത്മാക്കൾ വാണിടും സ്വർഗ്ഗം
പ്രാപ്യമല്ലാതായ്ത്തീരുമെ.

# മലങ്കര ഓർത്തഡോക്സ് സഭ- വിശുദ്ധിയുടെ പാതയിലൂടെ....

റവ. എസ്. രാജേഷ്,
ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂർ

## 1 മലങ്കര ഓർത്തഡോക്സ് സഭയുടെ ആദ്യകാല ചരിത്രം

മലങ്കര ഓർത്തഡോക്സ് സഭ, നമ്മുടെ കർത്താവിന്റെ അപ്പോസ്തോലന്മാരിൽ ഒരുവനായ വിശുദ്ധ തോമ്മാശ്ലീഹായാൽ ക്രിസ്തു വർഷം ഒന്നാം ശതകത്തിൽ സ്ഥാപിതമായിട്ടുള്ളതാണ്. A.D. 52-ാ മാണ്ട് മാർത്തോമ്മാ കേരളക്കരയുടെ പശ്ചിമ കവാടമായ കൊടുങ്ങല്ലൂർ തുറമുഖത്ത് കപ്പൽ മാർഗ്ഗം വന്നിറങ്ങി. ആദ്യം യഹൂദന്മാരോടും പിന്നീട് പ്രാചീന കേരളത്തിലെ വിഭിന്ന ജാതികളോടും അദ്ദേഹം ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു. അദ്ദേഹത്തിൽ നിന്ന് സത്യ വിശ്വാസം ഗ്രഹിച്ച അനേകർ ജ്ഞാനസ്നാനമേററ് സത്യക്രിസ്ത്യാനികളായി. മലയാങ്കര, പാലൂർ, പറവൂർ, ഗോക്കമംഗലം, നിരണം ചായൽ, കൊല്ലം എന്നീ ഏഴു സ്ഥലങ്ങളിൽ അദ്ദേഹം പള്ളികൾ സ്ഥാപിച്ചു. ക്രിസ്തുവിൽ വിശ്വസിച്ച് ജ്ഞാന സ്നാന മേററവരിൽ പകലോമററം, ശങ്കരപുരി, കള്ളി. കാളിയാങ്കൽ എന്നീ നാലു ബ്രാഹ്മണ കുടുംബങ്ങളിൽ പട്ടം കൊടുത്ത് അദ്ദേഹം പൗരോഹിത്യം നിലനിർത്തി. അങ്ങനെ മലങ്കരയിൽ ക്രൈസ്തവ സഭ സ്ഥാപിച്ചശേഷം മാർത്തോമ്മാ ഇൻഡ്യയുടെ പൂർവ്വ തീരത്തിലേക്കു യാത്ര ചെയ്തു. സുവിശേഷഘോഷണാർത്ഥം അദ്ദേഹം ചൈനവരെ പര്യടനം ചെയ്തശേഷം തിരിച്ചു പോരുകയും, മദ്രാസിനടുത്തുള്ള മൈലാപ്പൂരിലെ സെൻറ് തോമസ് മൗണ്ടിൽ വച്ച് ശൂലമേററ് രക്ത സാക്ഷിയായി മരണമടയുകയും ചെയ്തു. ഇത് A.D 72 ഡിസംബർ മാസം 21-ാം തീയതി ആണെന്നു വിശ്വസിക്കപ്പെടുന്നു. മൈലാപ്പൂരിൽ അദ്ദേഹത്തിന്റെ മൃത ശരീരം കബറടക്കപ്പെട്ടു. പിൽക്കാലത്ത് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ അപ്പോസ്തോലനാൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യ സഭയുടെ ആദ്യ ആസ്ഥാനമായിരുന്ന എഡേസായിലേക്കു കൊണ്ടു പോയി ഒരു പള്ളിയിൽ സ്ഥാപിച്ച് പെരുന്നാളാഘോഷിച്ചു. സമീപ കാലത്ത് ഇറാക്കിലെ മുസലിലെ പള്ളിയിൽ നിന്നും വിശുദ്ധന്റെ തിരുശേഷിപ്പ് കണ്ടെടുത്തപ്പോൾ അതിലൊരു ഭാഗം ഇൻഡ്യയിലേക്കുകൊണ്ടുവരികയും മലങ്കര സഭയുടെ ആസ്ഥാനമായ കോട്ടയത്തെ ദേവലോകം കാതോലിക്കേററ് അരമനയിൽ സ്ഥാപിയ്ക്കുകയും ചെയ്തു. ഇൻഡ്യയുടെ അപ്പോസ്തോലൻ മാർത്തോമ്മായാണെന്നുള്ള വസ്തുത ഗ്രീക്കിലും ലത്തീനിലും സുറിയാനിയിലുമുള്ള സഭാ സംബന്ധമായ എല്ലാ രേഖകളും തെളിയിക്കുന്നു. സഭാചരിത്രവും പുരാതന തക്സാകളും പ്രാർത്ഥനാക്രമങ്ങളും. ഇൻഡ്യയും പാലസ്തീൻ നാടുമായി അനേക ശതവർഷങ്ങളായി നിലനിന്നിരുന്ന വാണിജ്യ ബന്ധങ്ങളും മാർത്തോമ്മായോടു ബന്ധപ്പെട്ട് ഇൻഡ്യയിൽ പലടത്തും സ്ഥിതി ചെയ്യുന്ന പള്ളികളും മൈലാപ്പൂരിലെ കബറിടവും തദനുസൃതമായ അനവധി ഇതര തെളിവുകളും ഇൻഡ്യൻ സഭയുടെ സ്ഥാപകൻ മാർത്തോമ്മായാണെന്നുള്ള വസ്തുത ഉച്ചൈസ്തരം ഉൽഘോഷിക്കുന്നവയാണ്.

മാർത്തോമ്മാശ്ലീഹയാൽ സ്ഥാപിതമായ മലങ്കര സഭ എത്രനാൾ എപ്പിസ്ക്കോപ്പൽ സിംഹാസനമായി സ്വതന്ത്രമായി സ്ഥിതി ചെയ്തു എന്ന നിശ്ചയമില്ല. ക്രിസ്തു വർഷാംരംഭത്തിന് അനേകം നൂററാണ്ടുകൾക്കു മുമ്പു തന്നെ ഇൻഡ്യയും പേർഷ്യയും തമ്മിൽ വാണിജ്യ പരമായി ബന്ധിക്കപ്പെട്ടിരുന്നതിനാൽ ക്രിസ്തു വർഷാരംഭത്തോടുകൂടി തന്നെ മേൽ പറഞ്ഞ രാജ്യങ്ങൾ തമ്മിൽ സഭാപരമായും ബന്ധപ്പെടാൻ തുടങ്ങി. പേർഷ്യൻ സഭ നെസ്തോർ വിശ്വാസം സ്വീകരിക്കുന്നതിന് വളരെ മുമ്പുതന്നെ മലങ്കര സഭ പേർഷ്യൻ സഭയുമായി സുദൃഢ ബന്ധത്തിലായിരുന്നു. നാലാം നൂററാണ്ടു മുതൽ പതിനാറാം നൂററാണ്ടു വരെ പേർഷ്യൻ മെത്രാന്മാർ മലങ്കര സന്ദർശിച്ചിരുന്നു. ഓർത്തഡോക്സ് വിശ്വാസവും നെസ്തോർ വിശ്വാസവും തമ്മിലുള്ള വ്യത്യാസം മനസിലാക്കാതെ മലങ്കര സഭ അവരെ സ്വീകരിച്ചിരുന്നു. ഇങ്ങനെ നെസ്തോർ മെത്രാൻമാർ ചിലപ്പോഴെല്ലാം മലങ്കര സന്ദർശിക്കുകയും ഭരണം നടത്തുകയും ചെയ്തിട്ടുള്ളതുപോലെ ഓർത്തഡോക്സ് (യാക്കോബായ) മെത്രാന്മാരും മലങ്കര എഴുന്നെള്ളി സഭാംഗങ്ങളുടെ ആത്മീയാവശ്യങ്ങൾ നിറവേററിക്കൊണ്ടിരുന്നെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. 16-ാം ശതകത്തിനു മുമ്പ് ചിലപ്പോഴെല്ലാം നെസ്തോർ മെത്രാന്മാരെ മലങ്കര സ്വീകരിച്ചിട്ടുണ്ടെന്നതുകൊണ്ട് സഭ പൂർണ്ണമായി നെസ്തോർ വിശ്വാസം സ്വീകരിച്ചു എന്നോ, മലങ്കര ക്രിസ്ത്യാനികൾ പൊതുവെ നെസ്തോറിയരായിരുന്നു വെന്നോ പറയുവാൻ നിർവ്വാഹമില്ല.

15-ാം ശതകത്തിലാണ് പോർട്ടുഗീസുകാർ കേരളത്തിലെത്തിയത്. മലങ്കര സഭ പ്രബലമായ ഒരു വിദേശ ക്രൈസ്തവ സംഘടനയെ കണ്ടപ്പോൾ അവരെ സഹോദരഭാവേന സ്വാഗതം ചെയ്യുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു പോർട്ടുഗീസുകാർ കാലക്രമേണ അവരെ കീഴ്പ്പെടുത്താനും ശക്തി ഉപയോഗിച്ച് റോമ്മാ സഭയിൽ ചേർക്കുവാനും ഉദ്യമിച്ചു. അക്കാലത്ത് മലങ്കര ഭരിച്ചിരുന്ന യൗസേപ്പ് എന്ന നെസ്തോർ മെത്രാനെ പോർട്ടുഗലിലേക്ക് നാടു കടത്തുകയും പിന്നീട് റോമിൽ കൊണ്ടു ചെല്ലുകയും തിരു സഭയുടെ ശത്രു എന്ന നിലയിൽ പാപ്പായുടെ ശുദ്ധമാന വാളിന് ഇരയാക്കിത്തീർക്കുകയും ചെയ്തു. മാർ അബ്രഹാം എന്ന മെത്രാനെ യൂറോപ്പിലേക്ക് നാടുകടത്തുകയും; മാർപാപ്പായെ അനുസരിക്കാമെന്ന് ഉപായം പറഞ്ഞ് അദ്ദേഹം മലങ്കരയിലേക്ക് തിരികെ വരുകയും അങ്കമാലി പള്ളിൽ വെച്ച് കാലം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലശേഷം പകലോമററം തറവാട്ടിൽപെട്ട മാർ ഗീവർഗീസ് അർക്കദെയാക്കോനായിരുന്നു സഭാ കാര്യങ്ങൾ നടത്തിപ്പോന്നിരുന്നത്.

AD 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിൽ വെച്ചാണ് മലങ്കര സുറിയാനി സഭയുടെ ചുമലിൽ റോമൻ വിശ്വാസങ്ങൾ അടിച്ചേൽപ്പിച്ചത്. ഈ സുന്നഹദോസിന്റെ പ്രധാന നടത്തിപ്പുകാരൻ ഗോവയിലെ ആർച്ച് ബിഷപ്പായിരുന്ന മെനസിസ് ആയിരുന്നു. സത്യവിശ്വാസികളായ ഓർത്തഡോക്സ് സുറിയാനിക്കാർ വളരെ വൈമനസ്യത്തോടും പിറുപിറുപ്പോടും ഭയത്തോടും കൂടിയാണ് പ്രസ്തുത സുന്നഹദോസ് നിശ്ചയങ്ങളിൽ ഒപ്പു വെച്ചത്. സഭയിലെ ആചാരങ്ങളിലും മററും റോമാക്കാർ മാററം വരുത്തുകയും സഭയിൽ ഉപയോഗത്തിലിരുന്ന ചില പുസ്തകങ്ങൾ തീയിലിട്ടു നശിപ്പിക്കുകയും ചെയ്തു. മെനസിസ് ചെയ്തതിലേക്കും കഠിനവും അക്ഷന്തവ്യവുമായ കൃത്യം പ്രസ്തുത ഗ്രന്ഥങ്ങൾ നശിപ്പിച്ചതായിരുന്നു മലങ്കര സഭയുടെ ചരിത്രപരമായ രേഖകളുടെ അഭാവത്തിന് മുഖ്യഹേതു ഇതാണെന്നു വേണം പറയാൻ.

മലങ്കര സഭ വളരെ വൈമനസ്യത്തോടു കൂടിയാണ് റോമൻ ആധിപത്യത്തെ താങ്ങിയത്. ലത്തീൻ രീതികളും വിശ്വാസവും അവർക്ക് അരോചകമായിരുന്നു. എങ്ങനെ സ്വാതന്ത്ര്യം നേടുമെന്ന് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ വിദേശത്തു നിന്ന് അഹത്തള്ളാ (ഈസ് ആലാഹാ) എന്നൊരു മേൽപട്ടക്കാരൻ സൂററിൽ വന്നിറങ്ങി. പോർട്ടുഗീസുകാർ വിവരമറിഞ്ഞ് അദ്ദേഹത്തെ ബന്ധനത്തിലാക്കി അഹത്തള്ളാ മൈലാപ്പൂരിൻ കാരാഗൃഹത്തിൽ കിടക്കുമ്പോൾ തന്നെ സന്ദർശിച്ച സുറിയാനി ശെമ്മാശന്മാർ വഴി ഗീവർഗീസ് അർക്കദിയാക്കോന്റെ പിൻഗാമിയായി തോമസ് അർക്കദിയാക്കോനെ സഭയുടെ മേലധിക്കാരിയായി നിയമിച്ചുകൊണ്ടുള്ള ഒരു കൽപന കൊടുത്തയച്ചു. പറങ്കികൾ ഇതിനകം അഹത്തള്ളായെ കൊച്ചിയിൽ കൊണ്ടുവരുകയും കൊച്ചീക്കായലിൽ കെട്ടിത്താഴ്ത്തി മുക്കിക്കൊല്ലുകയും ചെയ്തു. തങ്ങളുടെ പിതാവിനെ പോർട്ടുഗീസുകാർ അപായപ്പെടുത്തി എന്നു ഗ്രഹിച്ച് സുറിയാനിക്കാർ പ്രക്ഷുബ്ധമനസ്കരായി മട്ടാഞ്ചേരി എന്ന സ്ഥലത്തുകൂടി അവിടെയുള്ള കൂനൻ കുരിശ് എന്ന കൽക്കുരിശിൽ ആലാത്തുകൾ കെട്ടിപിടിച്ചുകൊണ്ട് മേലാൽ റോമാ മെത്രാന്മാരെയും വിശ്വാസത്തേയും തങ്ങൾ അനുസരിക്കയില്ലെന്നും തങ്ങളുടെ സന്തതികളുടെ കാലം വരെ റോമ്മായ്ക്കു കീഴ്വഴങ്ങുകയില്ലെന്നും സത്യം ചെയ്തുകൊണ്ട് റോമ്മാനുകം വലിച്ചെറിഞ്ഞു. അങ്ങിനെ 54 കൊല്ലത്തെ റോമാ അടിമത്വത്തിനുശേഷം മലങ്കര സഭ സ്വതന്ത്രയായി. ഈ സംഭവം നടന്നത് 1653 മകരം 3-ാം തീയതി വെള്ളിയാഴ്ചയായിരുന്നു. നാനൂറുപേർ ഒഴികെ ബാക്കിയെല്ലാവരും സത്യ വിശ്വാസ സഭയിലേക്ക് തിരിച്ചുപോന്നു.

(തുടരും)



# ബാലപത്രിക

പ്രീയപ്പെട്ട കുട്ടികളെ,

കഴിഞ്ഞ കത്തിലെ സന്ദേശം വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുകയാണ് ''യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'' നമ്മുടെ ജ്ഞാന സമ്പാദനത്തിനുള്ള ദാഹം ഏറിയ കൂറും ഭൗതിക നേട്ടങ്ങൾക്കു വേണ്ടി ആയിരിക്കും. എന്നാൽ ഭൗതിക നേട്ടങ്ങളെ മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ യഥാർഥ സന്തോഷവും സമാധാനവും കൈവരിക്കാൻ സാധിച്ചെന്നു വരികയില്ല. ആധുനിക മാനവ ചരിത്രം പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമായി മനസിലാക്കുവാൻ നമുക്കു കഴിയും. അതുകൊണ്ടാണ്, വേണ്ടുവോളം ജ്ഞാനം സമ്പാദിച്ചിട്ടും ആധുനിക മനുഷ്യൻ വിവേകം നഷ്ടപ്പെട്ട മൃഗ തുല്യനായി തീർന്നിരിക്കുന്നത്. ഇന്ന് ലോകത്തെമ്പാടും. നമുക്കു കാണുവാൻ കഴിയുന്നത് അക്രമാസക്തമായ അന്തരീക്ഷമാണ്. എവിടെയും യുദ്ധവും യുദ്ധ ഭീഷണിയും. എല്ലാ രംഗത്തും ഹിംസയ്ക്കും അധർമ്മത്തിനും മുൻ തൂക്കം നൽകിയിട്ടുണ്ടോ എന്നു തോന്നിപ്പോകും.

പ്രീയപ്പെട്ട കൂട്ടികളെ, നമ്മുടെ സൃഷ്ടാവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് അടുക്കും ചിട്ടയുമുള്ള ഒരു ജീവിത ശൈലിയാണ്. നമുക്ക് എന്താണുവേണ്ടത്? നന്മയും തിന്മയും തിരിച്ചറിയുവാനുള്ള കഴിവ് ദൈവം നമുക്ക് നൽകിയിട്ടുണ്ട്. ആ കഴിവ് വേണ്ട വണ്ണം ഉപയോഗപ്പെടുത്തുക. അത് വികസിപ്പിച്ചെടുക്കുക. അതായിരിക്കണം നമ്മുടെ ലക്ഷ്യം. അതിന് ഒരു മാർഗമേയുള്ളൂ. ദൈവവചനം കേൾക്കുക, പ്രാവർത്തികമാക്കുക. നമുക്ക് ആവശ്യമായ സന്തോഷവും സമാധാനവും ലഭിക്കാതിരിക്കുകയില്ല.

എന്ന്,

ജോയിച്ചായൻ

★

## RIDDLES

—EOBY KOSHY

1 What is that every one needs, everyone gives everyone asks for and very few take?
2 What travels around the world but stays in a corner?
3 What can be measured, but has no length, width or thickness?
4 What grows larger the more you take away?
5 What is pronounced like one letter, written with three letters and belong to all animals?
6 What gets harder to catch the faster you run?

Regd. No. R. N. 44684/87 Regd No. G/KL/TLA/71

BETHEL PATHRIKA

7 What is found in the middle of both America and Australia?

8 What is the hardest key to turn?

9 What is always before, you can't see it?

10 What word when deprived of a word make you sick?

ANSWERS

1 ADVICE
2 STAMP
3 TEMPERATURE
4 HOLE
5 EYE
6 BREATH
7 'R'
8 DONKEY
9 FUTURE
10 MUSIC

---

നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും,

''നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും''

2റോമർ 12-19,20

---

## സംയുക്ത വാർഷികം

പിരളശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസനപ്പള്ളിയിലെ വിവിധ ആദ്ധ്യാത്മീക സംഘടനകളുടെ സംയുക്ത വാർഷികം റവ. ഫാ. ജോൺ പോളിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പുത്തൻകാവ് ഡി. സണ്ടേസ്കൂൾ ഇൻസ്പെക്ടർ ശ്രീ. പി. സി. ചെറിയാൻ, മർത്തമറിയം സമാജം ഭദ്രാസന സെക്രട്ടറി ശ്രീമതി മറിയാമ്മ ചാക്കോ, യുവജന പ്രസ്ഥാനം ഭദ്രാസന ജോ. സെക്രട്ടറി ശ്രീ. ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു. റവ. ഫാ. പി. ജി. മാത്യൂസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

※

Printed and published by Fr. P. G. George on behalf of H. G. Thomas Mar Athanassios at PHILIPS PRINTERS CHENGANNUR Editor Fr. P. G. George